[Mr. Deputy Speaker in the Chair]

VI. നിയമനിർമ്മാണകാര്യം

(i) 1979-ലെ കേരള ഷോപ്പുകളും വാണിജ്യസ്ഥാപനങ്ങളും സംബന്ധിച്ച (ഭേദഗതി) ബിൽ—(തുടർച്ച)

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: സർ, ഈ ഭേദഗതി ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. കടയിലെ തൊഴിലാളികളും പിരിച്ചു വിടലിനു വിധേയമാകുമ്പോഴും അവർ കോടതിയിൽ അഭയം തേടുന്ന സന്ദർഭത്തിൽ അവർക്കു കോടതിയിൽനിന്നു കിട്ടുന്ന കോമ്പൻസേഷനും പുറത്തു നിൽക്കുന്ന കാലഘട്ടത്തിലെ ശമ്പളവുംകൂടി കൊടുക്കാൻ വ്യവസ്ഥ ചെയ്യുന്ന ബില്ലാണു ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ സന്ദർഭത്തിൽ കടകളിൽ പണിയെടുക്കുന്ന തൊഴിലാളികളും അനുഭവിക്കുന്ന ദുരിതങ്ങളെക്കുറിച്ചു അൽപ്പമൊന്നു ആലോചിക്കുന്നതു നന്നായിരിക്കും. കടയിൽ പണിയെടുക്കുന്ന തൊഴിലാളികളും ഭൂരിപക്ഷവും അസംഘടിതരാണു. വളരെ ചുരുക്കം സ്ഥലങ്ങളിൽ മാത്രമേ സംഘടിതമായി അവരുടെ ആവശ്യങ്ങളും നിറവേറ്റപ്പെടാനുള്ള സംഘടനകളുക്കു രൂപം കൊടുക്കാൻ കഴിഞ്ഞിട്ടുള്ളു. മൂന്നും നാലും ആളുകളുമാത്രം പണിയെടുക്കുന്ന തൊഴിൽശാലകളിൽ സുശക്തമായ സംഘടനയുണ്ടാക്കുന്നതിനു പ്രായോഗികമായ ബുദ്ധിമുട്ടുണ്ടെന്നുള്ളതു സത്യമാണു. ഒരു സംഘടനയുണ്ടാക്കാൻവേണ്ടി ആരെങ്കിലും മുന്നോട്ടുവരികയാണെങ്കിൽ അതിന്റെ പിറ്റേദിവസം തൊഴിലുടമയുടെ പ്രതികാരനടപടിക്കു വിധേയമാകേണ്ടിവരും. അങ്ങനെയുള്ള നടപടികളും പല സ്ഥലത്തും ഉണ്ടായിട്ടുണ്ടു. അവരെ കള്ളക്കേസ്സിൽ കുടുക്കുന്ന സംഭവങ്ങളും ഉണ്ടായിട്ടുണ്ടു; കടയിൽനിന്നും കുറെ രൂപ മോഷ്ടിച്ചു എന്നോ അല്ലെങ്കിൽ എന്തെങ്കിലും സാധനം കാണാതെപോയി എന്നോ പറഞ്ഞു അവരെ മോഷണക്കേസ്സിൽ കുടുക്കി ശിക്ഷണനടപടിക്കു വിധേയമാക്കുന്നുണ്ടു. നിരപരാധികളായവരെ അറസ്റ്റു ചെയ്തു ജയിലിൽ അടയ്ക്കുന്ന സംഭവം പല സ്ഥലങ്ങളിലും ഉണ്ടായിട്ടുണ്ടു. ഇതുതന്നെയുമല്ല, ഏതെങ്കിലും പരാതിയുമായി കോടതിയെ സമീപിച്ചാലുള്ള സ്ഥിതി എന്താണു? ഈ രാജ്യത്തെ കോടതിയുടെ സ്ഥിതി നമുക്കറിയാം; വിധിയുണ്ടാകുന്നതു ഏതു രൂപത്തിലാണെന്നു നമുക്കറിയാം. തൊഴിലാളികളും തീരുമാനത്തിനുവേണ്ടി ദീർഘകാലം കാത്തിരിക്കേണ്ടതായിവരുന്ന അവസ്ഥയുണ്ടു. മൂന്നു നാലു വർഷമായാലും തീരുമാനമുണ്ടാകാതിരിക്കുന്ന പരിതഃസ്ഥിതിയുണ്ടു. ദീർഘകാലം പട്ടിണി കിടക്കേണ്ടതായിവരുമ്പോഴും ആ തൊഴിലാളി സ്വയം ജോലി ഉപേക്ഷിച്ചു പോകാൻ നിർബന്ധിതനായിത്തീരുന്നുണ്ടു. ഒരു തൊഴിലാളിക്കു ദീർഘകാലം കോടതിയിൽ കേസു നടത്താനുള്ള സാമ്പത്തിക ശേഷി ഉണ്ടായിരിക്കുകയില്ല; സാമ്പത്തികശേഷിയില്ലാത്ത ആളുകൾക്കു ഇപ്പോഴും നിയമസഹായം നൽകാനുള്ള വ്യവസ്ഥയുണ്ടെന്നുള്ളതറിയാമെങ്കിലും, പല പ്രദേശങ്ങളിലും ബുദ്ധിമുട്ടു അനുഭവിക്കേണ്ടിവരുന്നുണ്ടു. ഇതിനു പരിഹാരമുണ്ടാക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചു ഗവൺമെന്റു ആലോചിക്കണം. നമ്മുടെ രാജ്യത്തെ അസംഘടിതരായ തൊഴിലാളികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകളുക്കു ഗവൺമെന്റു പരിഹാരമുണ്ടാക്കണം. അതിനു ചില നിർദ്ദേശങ്ങളും വയ്ക്കാനുണ്ടു. തൊഴിലാളികളും പരാതിയുമായി കോടതിയിൽ ചെന്നാൽ നാലഞ്ചുവർഷക്കാലം ആ കേസു നീട്ടിക്കൊണ്ടുപോകാതെ മൂന്നുമാസംകൊണ്ടു തീരുമാനമുണ്ടാക്കണമെന്ന ഒരു വ്യവസ്ഥ ഗവൺമെന്റു ഉണ്ടാക്കണമെന്നു അഭ്യർത്ഥിക്കുകയാണു.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ തൊഴിലാളികൾ സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന പരിതഃസ്ഥിതിയിൽ ആ തൊഴിലാളികൾക്കു പുറത്ത് നിൽക്കുന്ന കാലഘട്ടത്തെ ശമ്പളം കൊടുക്കാനുള്ള വ്യവസ്ഥയുണ്ട്. മറ്റ് സാമ്പത്തിക ചെലവ് ഉണ്ടാകുന്നെങ്കിൽ ആ ചെലവുംകൂടി കൊടുക്കുന്നതിനുള്ള നിയമനിർമ്മാണം ഉണ്ടാക്കണമെന്ന് അപേക്ഷിക്കുകയാണ്. കടകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് അനുകൂലമായ ചില നിയമങ്ങൾ ഇന്നുണ്ട്. അതിലുള്ള പല കാര്യങ്ങളെപ്പറ്റിയും ഇവിടെ പലരും സംസാരിച്ചു. അതുകൊണ്ട് ഞാൻ ആ കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ഇന്ന് അവർക്ക് സുരക്ഷിതബോധം ഉണ്ടാകുന്ന നിയമനിർമ്മാണം ഉണ്ടായിട്ടില്ലെന്ന് പറയാതിരിക്കാൻ നിവർത്തിയില്ല. പരാതിയുമായി കോടതിയിൽ പോകുന്ന തൊഴിലാളികൾ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണണം. അവർക്ക് അനുകൂലമായ തീരുമാനമുണ്ടാക്കുന്നതിനും സാമ്പത്തികനഷ്ടത്തിന് പരിഹാരമുണ്ടാക്കുന്നതിനും ആവശ്യമായ നിയമനിർമ്മാണം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: ഒരു പ്രത്യേക സെക്ഷനുവേണ്ടിമാത്രം കൊണ്ടുവന്ന ഭേദഗതിയോടൊപ്പം നമ്മുടെ രാജ്യത്തെ ഹോട്ടലുകൾ, ഷോപ്പുകൾ, സിനിമാശാലകൾ തുടങ്ങിയ വ്യവസായ വാണിജ്യസ്ഥാപനങ്ങളിലെ അസംഘടിതരായ തൊഴിലാളികൾക്ക് ഗുണം കിട്ടുന്നതിനുവേണ്ടി, കഴിഞ്ഞ കാലങ്ങളിൽ കൊണ്ടുവന്നതും ഇന്ന് നടപ്പിൽവരുത്തിക്കൊണ്ടിരിക്കുന്നതുമായ നിയമത്തിലുള്ള പോരായ്മകൾ എന്തെന്ന് മനസ്സിലാക്കിക്കൊണ്ട് പൊതുവായി സമഗ്രമായ നിയമം കൊണ്ടുവന്നാൽപോരെ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. നിലവിലുള്ള തൊഴിൽനിയമങ്ങളുടെ നടത്തിപ്പിന്റെ ഫലമായി തൊഴിലാളികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനും നിർദ്ദേശം നൽകുന്നതിനുമായി ഗവൺമെന്റുദ്യോഗസ്ഥന്മാർ അടങ്ങിയ ഒരു കമ്മിറ്റിയെ നിശ്ചയിച്ചിട്ടുണ്ടെന്ന് അറിയുന്നു. അവർ ചില ശുപാർശകൾ നൽകിയിട്ടുണ്ട്. ആ ശുപാർശകൾ മുഴുവനും മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോയെന്ന് അറിയില്ല. ആ ശുപാർശകൾ മുഴുവൻ കണക്കിലെടുക്കണം. ഷോപ്പ്സ് ആൻറ് കമ്മേർഷ്യൽ എസ്റ്റാബ്ലിഷ്മെൻറ് ആക്ട് നടപ്പിൽ വരുത്തുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്തുകൊണ്ട്, പൊതുവായുണ്ടാകുന്ന മാറ്റങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട്, സമഗ്രമായ നിയമം കൊണ്ടുവരുന്നതിനുപകരം സെക്ഷൻ 18-ൽ മാത്രം ഒതുങ്ങിനിന്നുകൊണ്ടുള്ള ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. കഴിഞ്ഞ കാല ചരിത്രത്തിലേക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. 1948-ൽ മലബാർ തിരുക്കൊച്ചിയുടെ രോഗമല്ലാതിരുന്നകാലത്ത്, മലബാർപ്രദേശത്തിൽ മദ്രാസ് ഷോപ്പ്സ് ആൻറ് എസ്റ്റാബ്ലിഷ്മെൻറ് ആക്ട് ഉണ്ടായിരുന്നു. ആ നിയമം വരുന്നകാലത്ത് തൊഴിലാളികൾക്ക് ഒരു പരിരക്ഷയും ഉണ്ടായിരുന്നില്ല. അപ്പലേറ്റ് അതോറിറ്റി ഒരു തൊഴിലാളിയെ തിരിച്ചെടുക്കാനോ തൊഴിലാളിക്കു കോമ്പൻസേഷൻ കൊടുക്കാനോ നിർദ്ദേശിച്ചാൽപോലും അത് നടപ്പിൽവരുത്താൻ ആ നിയമത്തിൽ വകുപ്പ് ഉണ്ടായിരുന്നില്ല. അതിന്റെ പോരായ്മകൾ പരിഹരിച്ചുകൊണ്ട് 1960-ൽ സമഗ്രമായ ഒരു നിയമം കൊണ്ടുവന്നു. 1960-ലെ നിയമം നടപ്പിൽ വന്നതിനുശേഷം നമുക്ക് പല ബുദ്ധിമുട്ടും ഉണ്ടായിട്ടുണ്ട്. ഈ വകുപ്പ് ഈ രീതിയിൽ പാസ്സാക്കിക്കഴിഞ്ഞാൽ ഇത് തൊഴിലാളികളെ പിരിച്ചുവിടാനുള്ള ലൈസൻസ് കൊടുക്കുന്ന വകുപ്പായി മാറും. ഈ നിയമം പിരിച്ചുവിടൽ നിയമമെന്ന് പറയേണ്ടിവരും. തൊഴിലാളിദ്രോഹം നടപ്പിൽ വരുത്തണ

LIBRARY ARCHIVES Kerala Legislative Assembly

മെന്ന ഉദ്ദേശത്തിൽ കൂട്ടിച്ചുകൂട്ടി കൊണ്ടുവന്നതാണെന്ന് ഞാൻ പറയുന്നില്ല. നിയമം ഉണ്ടാക്കുന്ന അവസരത്തിൽ സദുദ്ദേശത്തോടുകൂടി ചെയ്തതാകാം. അത് പ്രയോഗത്തിൽ വരുമ്പോഴാ, ഗുണം കിട്ടുന്നതിനു വേണ്ടി തൊഴിലാളികളാ കോടതിയിൽ എത്തുന്ന അവസരത്തിൽ എതിരായി വാദിച്ച് രക്ഷനേടാൻ മുതലാളിക്ക് സൗകര്യം കൊടുക്കുന്ന രീതിയാണുള്ളത്. ഇന്ന് നിലവിലുള്ള 1960-ലെ കേരളാ ഷോപ്പ്സ് ആൻറ് കമ്മേർഷ്യൽ എസ്റ്റാബ്ലിഷ്മെൻറ് ആക്ടിൽ 18-ൽ രണ്ടാം ഉപവകുപ്പ് തൊഴിലാളിയെ പിരിച്ചുവിട്ടാൽ ആ തൊഴിലാളിക്ക് അപ്പലേറ്റ് അതോറിട്ടിയുടെ മുമ്പാകെ നിശ്ചിത സമയപരിധിക്കുള്ളിൽ ഹർജി കൊടുക്കാനും ഡിസ്മിസലിനെ ചോദ്യം ചെയ്യാനുമുള്ള അവകാശം നൽകുന്നു. മൂന്നാം ഉപവകുപ്പ്—സബ്സെക്ഷൻ 3 provides that the appellate authority may, after giving notice in the prescribed manner to the employer and the employee dismiss the appeal. അപ്പീൽ കിട്ടിക്കഴിഞ്ഞാൽ അപ്പലേറ്റ് അതോറിട്ടിക്കുള്ള അധികാരത്തെക്കുറിച്ച് പറയുകയാണ്. ഒന്നുകിൽ dismiss the appeal അല്ലെങ്കിൽ direct the reinstatement of the employee with or without wages for the period he was kept out of employment. കൂലിയോടുകൂടിയോ കൂലിയില്ലാതെയോ തൊഴിലാളിയെ തിരിച്ചെടുക്കാൻ പറയാം. കൂലി വേണമോ കൂലി കൊടുക്കാതെ തിരിച്ചെടുക്കണമോയെന്ന് തീരുമാനിക്കാനുള്ള ഡിസ്ക്രിഷനറി പവ്വർ അപ്പലേറ്റ് അതോറിട്ടിക്കാണ്.

10 a.m.] അപ്പോഴാ അതിന്റെ ഫലമായിട്ട് പലപ്പോഴും എന്തുണ്ടാകുന്നു? The employee may be reinstated എന്നു പറഞ്ഞാൽ ആ റിയിൻസ്റ്റേറ്റുമെൻറ്, തൊഴിലാളിയുടെ കൂലി ഇല്ലാതെ കണ്ട് റീയിൻസ്റ്റേറ്റുമെൻറ് വന്നാൽ, മൂന്നുകൊല്ലം പുറത്തുനിന്ന തൊഴിലില്ലാത്ത തൊഴിലാളിക്ക് നാളെ മുതൽക്ക് തൊഴിൽ എടുക്കാമെന്ന നില മാത്രം വരുന്നു. ഇവർ ഈ മൂന്നുകൊല്ലക്കാലം കൂലി ഇല്ലാതെ കഷ്ടപ്പെട്ടതു ബാക്കിയായി. അങ്ങനെയുള്ള ഡിസ്ക്രിഷനറി പവ്വേഴ്സ് ഈ അപ്പലേറ്റ് അതോറിട്ടിയിൽ നിക്ഷിപ്തമാക്കാൻ പാടില്ല. നിർബന്ധമായും തിരിച്ചെടുക്കേണ്ട കേസ്സുകളാ വന്നാൽ അവർക്ക് കൂലി കൊടുത്തുകൊണ്ട് ആയിരിക്കണം ഓർഡർ എഴുതുന്നത് എന്നുള്ളതാണ് ഇപ്പോഴാ ഈ അമൻറ്മെൻറിന്റെ ഫലമായി വരുന്നത്. അതു നല്ലതുതന്നെ. പക്ഷേ അതിൽത്തന്നെ പറയുന്നത് or direct payment of compensation without reinstatement. ഇനി കൂലിയോടുകൂടിയോ കൂലിയോടുകൂടാതെയോ റീയിൻസ്റ്റേറ്റുചെയ്യാൻ പറയുന്ന ഒരു അധികാരം ഉണ്ട്. മൂന്നാമതൊരു കാര്യം അപ്പലേറ്റ് അതോറിട്ടിക്ക് ഇല്ല. ഇതൊന്നും കൂടാതെ കോമ്പൻസേഷൻ കൊടുക്കുന്നു എന്നു പറയാം. അപ്പോഴാ ഇങ്ങനെയുള്ള കേസ്സുകളിൽ, ഈ ആക്ടിൽ ചൂണ്ടിക്കാണിച്ച, ഈ ഭേദഗതിയിൽ ചൂണ്ടിക്കാണിച്ച ഹൈക്കോടതിയിൽ പോയ കേസ്സും അതുപോലെയുള്ള കേസ്സുകളും മുതലാളിമാർ വാദിക്കാൻ തുടങ്ങി. ഈ അതോറിട്ടിയിൽ ഡിസ്മിസലിനെതിരായി അവന്റെ രക്ഷയ്ക്കുവേണ്ടിയുള്ള, ഈ കോടതിക്കുള്ള അധികാരം ഈ മൂന്നെണ്ണമാണ്. ഒന്ന്, ഈ ഹർജി തെറ്റാണെങ്കിൽ തള്ളിക്കളയാം. രണ്ട്, കൂലിയോടുകൂടിയോ കൂലി ഇല്ലാതെയോ റീയിൻസ്റ്റേറ്റുമെൻറ് പറയാം. മൂന്ന്, ഈ തൊഴിലാളിക്ക് കോമ്പൻസേഷൻ കൊടുക്കാൻ പറയാം. അപ്പോഴാ ഇതെല്ലാം വെവ്വേറെയുള്ള അധികാരങ്ങളാണ്. ഇത് ഓരോന്നും ഉപയോഗിക്കുന്നതിന് അപ്പലേറ്റ് അതോറിട്ടിക്ക് ഡിസ്ക്രിഷനറി പവ്വർ ഉണ്ട് എന്നു പറഞ്ഞതുകൊണ്ട് ഇത് പ്രത്യേകം പ്രത്യേകം വാട്ടർടൈറ്റ് കമ്പാർട്ടുമെൻറുകളായി നോക്കുകയാണെങ്കിൽ കോമ്പൻസേഷൻ

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുമ്പോഴും ബാക്ക്വേജസ് ഉണ്ടാകുകയില്ല. തിരിച്ചെടുക്കാൻ പറയുമ്പോഴും ബാക്ക്വേജസ് വേണമോ വേണ്ടയോ എന്നു പറയുന്നത് അപ്പലേറ്റ് അതോറിട്ടിയുടെ ഡിസ്ക്രീഷനറി പവ്വറാണ്. ഇങ്ങനെ ബുദ്ധിമുട്ടുള്ള ഒരു നില വന്നുകൂടാതെയിരിക്കാനാണ് കോമ്പൻസേഷൻ കൊടുക്കുന്ന അവസരത്തിൽ ബാക്ക്വേജസ്കൂടി ഉൾപ്പെടുത്തണം എന്ന് ഈ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളത്. ഇന്നിപ്പോഴത്തെ ഈ സെക്ഷനിൽ, ഈ ആക്ടിൽ ഒരു നാലാം വകുപ്പുണ്ട്. ആ നാലാം വകുപ്പിനുശേഷം 4-എ എന്നു പറഞ്ഞിട്ടാണ് മന്ത്രി ഇതു കൊണ്ടുവന്നിട്ടുള്ളത്. നാലാം വകുപ്പ് എന്താണ്? അവിടെയാണ് ഞാൻ പറഞ്ഞ ദോഷം തൊഴിലാളികൾക്ക് ഉണ്ടാകുന്നത്. നാലാം വകുപ്പിൽ Sub-section (4), in directing the reinstatement of an employee the appellate authority shall also direct the payment of such amount of compensation as may be specified by him in case the employer fails to reinstate the employee in accordance with the directions. ഇതുകൊണ്ട് എന്താ ഉണ്ടാകുന്നത്. ഈ അപ്പലേറ്റ് അതോറിട്ടി തൊഴിലാളികളുടെ പിരിച്ചുവിടൽ തെറ്റാണ്; അനീതിയാണ്; അഴിമതിയാണ്; ഇപ്പോഴത്തെ ഈ വകുപ്പുപ്രകാരം അയാൾക്കു കിട്ടിയ അധികാരം ഉപയോഗിച്ച് പുറത്തു നിറുത്തിയിട്ടുള്ള മുഴുവൻ കാലത്തേയും ബാക്ക്വേജസ് കൊടുത്തുകൊണ്ട് റീയിൻസ്റ്റേറ്റ് ചെയ്യേണ്ടതാണ്; കോമ്പൻസേഷൻ കൊടുക്കേണ്ടതാണ് എന്നു പറഞ്ഞാലും അത് നടപ്പിൽ വരില്ല. കാരണം 4-ാം സെക്ഷനിൽ നിർബന്ധമായിട്ടു പറയുന്നു ഈ അതോറിട്ടിയുടെ ചുമതല എന്തെന്നാൽ, നിങ്ങൾ തിരിച്ചെടുത്തില്ല എങ്കിൽ ഇയാൾക്ക് അതിനുപകരമായിട്ട് അതിനു നഷ്ടപരിഹാരം കൊടുക്കണം. അപ്പോൾ വിധി എന്തെന്നുവച്ചാൽ the employee may be reinstated, or in lieu of reinstatement he may be paid so much of rupees. അപ്പോൾ ഇങ്ങനെയൊരു വിധി വന്നാൽ ഉടനെ എംപ്ലോയർ പറയും ഇതിൽ ഇയാളെ തിരിച്ചെടുക്കുകയാണോ വേണ്ടത്, നഷ്ടപരിഹാരം കൊടുക്കുകയാണോ വേണ്ടത് എന്നു തീരുമാനിക്കാനുള്ള അവകാശം എനിക്കാണ്. അപ്പലേറ്റ് അതോറിട്ടിയുടെ അവകാശം എന്തെന്നാൽ തിരിച്ചെടുക്കാനും പറയാം. തിരിച്ചെടുത്തില്ലെങ്കിൽ നഷ്ടപരിഹാരം കൊടുക്കാമെന്നും പറയാം. അപ്പോൾ സ്വാഭാവികമായി എന്താ ഉണ്ടാവുക? ഈ അപ്പലേറ്റ് അതോറിട്ടിയുടെ അധികാരം ഉപയോഗിച്ച് നഷ്ടപരിഹാരം പറയാനുള്ള അവകാശം ഇല്ലായിരുന്നെങ്കിൽ ഈ പിരിച്ചുവിടൽ തെറ്റാണെങ്കിൽ ഇത് തെറ്റാണെന്നും കഴിഞ്ഞ കാലത്തെ കൂലിയോടുകൂടി തിരിച്ചെടുക്കണം എന്നും പറയാനും മാത്രമേ അപ്പലേറ്റ് അതോറിട്ടിക്ക് അധികാരം ഉണ്ടായിരുന്നുള്ളുവെങ്കിൽ ഈ ബുദ്ധിമുട്ട് ഇല്ലായിരുന്നു. പക്ഷേ ഇപ്പോൾ നിയമത്തിൽതന്നെ നമ്മളെ ഡയറക്ട് ചെയ്യാനുള്ള അപ്പലേറ്റ് അതോറിട്ടിയോട് നിങ്ങൾ ഇയാളെ തിരിച്ചെടുക്കാൻ പറഞ്ഞാൽ പോര; ജോലി ഇല്ലാതെനിന്ന കാലത്തെ ബാക്ക്വേജസ് കൊടുക്കണമെന്നു പറഞ്ഞാലും പോര; കോമ്പൻസേഷൻ കൊടുക്കണമെന്നു പറഞ്ഞാൽമാത്രം പോര, പിന്നെയോ ഈ മുതലാളിക്ക് ഇയാളെ തിരിച്ചെടുക്കുന്നുവെങ്കിൽ ഇതെല്ലാംകൂടി കണക്കുകൂട്ടി അയാൾ കൊടുക്കുന്ന കോമ്പൻസേഷൻ എത്രയാണെന്നും ഈ വിധിയിൽ പ്രത്യേകമായി പറയണം. അതിന്റെ ഉദ്ദേശം എന്താണെന്നുവച്ചാൽ തിരിച്ചെടുക്കുന്നില്ല എങ്കിൽ ഇതു കൊടുത്താൽ മതി. അപ്പോൾ സ്വാഭാവികമായിട്ട് ഇയാളെ തിരിച്ചെടുത്തില്ല എങ്കിൽ ഈ പൈസ കൊടുത്ത് പിരിച്ചുവിട്ട തൊഴിലാളി ഏതു കോർട്ടിൽ പോയാലും തിരിച്ചെടുക്കണമെന്ന വിധി വാങ്ങിയാലും ഒരൊറ്റ തൊഴിലാളിയെപ്പോലും തിരിച്ചെടുക്കൽ ഉണ്ടാകുകയില്ല. ആ പൈസ കൊടുത്ത് പൊയ്ക്കോ എന്നു പറയൽ ആയിരിക്കും. അതുകൊണ്ട് ഇതിന്റെ ഫലം എത്ര സദുദ്ദേശത്തോടുകൂടി കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

വന്നാലും ശരി തൊഴിലാളികളെ നഷ്ടപരിഹാരം കൊടുത്ത് പിരിച്ചു വിടാൻവേണ്ടിയിട്ട് അപ്പലേറ്റ് അതോറിട്ടിയെ നിശ്ചയിക്കുക അങ്ങനെ ഈ നിയമത്തിൽ, തൊഴിലാളികളെ ഉദ്ദേശിച്ചുള്ളതായ നൻമ ഇല്ലാതെകണ്ടു പോകുക എന്നുള്ളതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്കു പറയാനുള്ളത് ഈ നിയമത്തിലെ ഇന്നു നിലവിലുള്ള കൊള്ളരുതാത്ത ഈ നാലാം വകുപ്പ് എടുത്തുമാറ്റിയിട്ട് ഇപ്പോഴത്തെ അവതരിപ്പിച്ച 4-എ, 4 ആക്കുകയും ചെയ്താൽ ഈ ബുദ്ധിമുട്ട് അവസാനിക്കുന്നതാണ്. കാരണം നമ്മുടെ സബ്സെക്ഷൻ മൂന്നിലാണ് ഒരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. രണ്ടാമത്തെ ഭേദഗതി സബ്സെക്ഷൻ നാലിലാണ്. സബ് സെക്ഷൻ മൂന്നിലും നാലിലും പറയുന്ന പ്രകാരം വിധി കൊടുക്കുമ്പോഴും കോമ്പൻസേഷനെറകൂടെ ബാക്ക്വേജസും കൊടുക്കണമെന്നാണ് പറയുന്നത്. അതുകൊണ്ട് സബ്സെക്ഷൻ മൂന്നുപ്രകാരം കൊടുക്കുന്ന വിധിയിൽ ഈ ബാക്കുവേജസ് ഉൾപ്പെടുത്തണമെന്നും ഇന്നു നിലവിലുള്ളതായ 4-ാം വകുപ്പിനുപകരം ഇപ്പോഴത്തെ കൊണ്ടുവരുന്ന നാലാം വകുപ്പ് ഉൾപ്പെടുത്തുന്നുവെന്നും പറഞ്ഞാൽ നമ്മുടെ വളരെ സദുദ്ദേശത്തോടുകൂടി കൊണ്ടുവന്ന ഈ നിയമം തൊഴിലാളികളുടെ തലയ്ക്കുമീതെ ഒരു ഡെമോക്ലസിൻെറ വാളായി നിൽക്കാതെ, ഒരിക്കലുംതന്നെ നമ്മളൊക്കെ ആഗ്രഹിച്ചാൽപ്പോലും തിരിച്ചെടുക്കുക എന്നുള്ള പ്രക്രിയ അവിടെ ഉണ്ടാകുകയില്ല.

തിരിച്ചെടുക്കുകയോ അല്ലെങ്കിൽ നഷ്ടപരിഹാരം കൊടുക്കുകയോ ചെയ്യുക എന്ന് ഒരു കോടതി പറയുകയാണെങ്കിൽ നഷ്ടപരിഹാരം കൊടുക്കുകയോ തിരിച്ചെടുക്കുകയോ വേണ്ടതെന്ന് തിരഞ്ഞെടുക്കേണ്ട അവകാശം എംപ്ലോയർക്ക് കിട്ടും. അതുകൊണ്ട് അതിന് കൂട്ടുനിൽക്കാതെയിരിക്കണമെന്നും ഈ കൊണ്ടുവന്ന ഭേദഗതി നാല് എ, എന്നതിനുപകരം 4 എന്ന് ആക്കുകയും ഇന്ന് നിലവിലുള്ള ക്ലാസ് 4 എടുത്തുകളഞ്ഞ് അതിനെ സബ്സ്റ്റിറ്റ്യൂട്ട് ആക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. സത്യനേശൻ: സർ, ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു. നമ്മുടെ രാജ്യത്ത് പട്ടണപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും രണ്ടും മൂന്നും തൊഴിലാളികളെ പണിയെടുത്തുവരുന്ന ഷോപ്പ് തുടങ്ങിയ സ്ഥാപനങ്ങളിൽ അവരുടെ അവകാശത്തെ സംബന്ധിച്ചിടത്തോളം വ്യക്തമായ ഒരു നിർവചനം ഇല്ലാത്തതിൻെറ ഫലമായി കൂടക്കൂടെ പിരിച്ചുവിടപ്പെടുകയും പല സമരങ്ങളും പല പ്രദേശങ്ങളിലും സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ന് വ്യക്തമായ നിബന്ധനകളൊന്നും ഇല്ലാത്തതിൻെറ ഫലമായി പല തൊഴിലാളികളേയും പിരിച്ചുവിടപ്പെടുന്നത് സാധാരണ സംഭവമാണ്. നിരവധിക്കാലം നിലനിൽക്കുന്ന സമരങ്ങൾ ചിലപ്പോഴും പരാജയപ്പെട്ടുപോയിട്ടുണ്ട്. നമ്മുടെ തലസ്ഥാന നഗരിയിൽതന്നെ ഇപ്പോഴും നിരവധിപണിമുടക്കും ലോക്കൗട്ടുകളും നടന്നുകൊണ്ടിരിക്കുകയാണ്. അവിടെയൊക്കെ ഈ തൊഴിലാളികൾക്ക് ന്യായമായ വേതനങ്ങളും അതുപോലെതന്നെ തൊഴിൽ സ്ഥിരതയും ഇല്ലാത്തതിൻെറ ഫലമായി ഇന്ന് പിരിച്ചുവിടൽ സർവ്വസാധാരണമായിത്തീർന്നിട്ടുണ്ട്. അങ്ങനെ പിരിച്ചുവിടുന്ന തൊഴിലാളികൾക്ക് ഒരു വ്യക്തമായ കോമ്പൻസേഷൻ കൊടുക്കുക എന്നുള്ള ലക്ഷ്യം വച്ചുകൊണ്ട് കൊണ്ടുവന്ന ഈ ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണ്.

പക്ഷേ ആ ഭേദഗതി വരുമ്പോഴും ഒരു സ്ഥാപനത്തിലെ തൊഴിലാളികൾക്ക് അവസാനംവരെ പിടിച്ചുനിൽക്കാനുള്ള ഒരു നിയമ സാദ്ധ്യത ഇന്നില്ല. അതിൻെറ ഫലമായി കോമ്പൻസേഷൻ കൊടുത്ത് പിരിച്ചുവിട

LIBRARY ARCHIVES Kerala Legislative Assembly

പ്പെടുക എന്നുള്ള ഒരു മട്ടിലേക്ക് ആ നിയമം കൊണ്ടെത്താതെയിരിക്കാൻ ബഹുമാനപ്പെട്ട ഗവൺമെൻറ് ആലോചിക്കണമെന്ന് എനിക്ക് അഭ്യർത്ഥനയുണ്ട്. ഈ കഴിഞ്ഞ അടിയന്തിരാവസ്ഥക്കാലത്ത് നമ്മുടെ ചാലകമ്പോളത്തിൽതന്നെ നിരവധി തൊഴിലാളികളെ പിരിച്ചുവിടുകയുണ്ടായി. അവരെ തിരിച്ചെടുക്കാൻ വേണ്ടി നിരവധി സമരങ്ങൾ നടന്നു. നിയമം ഇല്ലാത്തതിന്റെ ഫലമായി അവരെ പലരേയുംതന്നെ ഈ അടുത്ത കാലംവരെ തിരിച്ചെടുക്കാൻ ഷാപ്പുടമകൾ സമ്മതിച്ചിരുന്നില്ല. അതുപോലെ ഇപ്പോൾ ഇവിടെത്തന്നെ, നമ്മുടെ ഈ പുളിമൂടു പ്രദേശത്തെ പല ഷോപ്പുകളും പണിമുടക്കു കാരണം ലോക്കൗട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ രംഗത്ത് വ്യക്തമായ നിബന്ധനകളൊന്നും ഇല്ലാത്തതിന്റെ ഫലമായി ഷോപ്പുടമസ്ഥൻമാർ ലോക്കൗട്ട് പ്രഖ്യാപിക്കുന്നു. അവരെ തിരിച്ചെടുക്കാൻ വേണ്ടി ലേബർ ഉദ്യോഗസ്ഥൻമാർ കാര്യക്ഷമമായി ഇടപെടുന്നില്ല. അതുകൊണ്ട് ലോക്കൗട്ട് നീണ്ടു നീണ്ടു പോകുകയും അവസാനം വെറും കൈയ്യോടുകൂടി ആ തൊഴിലാളികൾ തൊണ്ടൗട്ട് ചെയ്യപ്പെടുകയുമാണ്.

സർ, അങ്ങനെ ഇത്തരം ചെറുകിടസ്ഥാപനങ്ങളിലും വൻകിടയല്ലാത്ത സ്ഥാപനങ്ങളിലും പണിയെടുക്കുന്ന നമ്മുടെ സംസ്ഥാനത്തിലെ ചെറുപട്ടണങ്ങളിലെയും അതുപോലെ വലിയ പട്ടണങ്ങളിലുമുള്ള തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അന്ന് ഒരു വ്യക്തമായ നിയമനിർമ്മാണത്തിന്റെ അപര്യാപ്തതകൊണ്ട് അവരുടെ സേവന വ്യവസ്ഥകൾ അംഗീകരിക്കപ്പെട്ടിരുന്നില്ല. ഇന്നിപ്പോൾ ബഹുമാനപ്പെട്ട ശങ്കരൻകുട്ടി പറഞ്ഞതുപോലെ ഇതിന് അംഗീകാരം കൊടുത്തുകഴിഞ്ഞാൽ നാളെ ഏതു സ്ഥാപനങ്ങളിലേയും തൊഴിലാളികളെ പിരിച്ചുവിടാം, കോമ്പൻസേഷൻ കൊടുത്താൽമതി എന്നുള്ള സ്പിരിട്ട് ഈ നിയമത്തിൽ വന്നുകൂടായ്കയില്ല എന്ന് എനിക്ക് വ്യക്തമായി പറയാവുണ്ട്. ഇന്ന് ഈ നിയമം ഈ മട്ടിൽ പാസ്സാക്കിയാൽ ഒരു ഷാപ്പിൽ പണിയെടുക്കുന്ന തൊഴിലാളി എന്തെങ്കിലും കൂലി കൂടുതലോ മിനിമംവേജസോ ചോദിച്ചാൽ അവരെ കോമ്പൻസേഷൻ കൊടുത്ത് പിരിച്ചുവിടുന്ന ഒരു ഏർപ്പാടായി തുടരാൻ സാധ്യതയുണ്ട്. അതുപോലെ ഈ നിയമത്തിൽ നിഷ്ക്കർഷമായി വളരെ അടിയന്തിരമായി തൊഴിലാളിക്ക് ആ സ്ഥാപനത്തിൽ നിലനിൽക്കാൻവേണ്ടിയുള്ള പരിരക്ഷ കൊണ്ടുവരണമെന്നുള്ള അഭിപ്രായം എനിക്കുണ്ട്. അങ്ങനെ വന്നാൽമാത്രമേ അവസാനംവരെ ആ തൊഴിലാളിക്ക് വിലപേശാനും അവസാനംവരെ പിടിച്ചുനിൽക്കാനും കഴിയൂ. ഒരു നിവൃത്തിയുമില്ലാതെ വരുന്ന ഘട്ടത്തിൽമാത്രമേ കോമ്പൻസേഷൻ കൊടുത്തു പിരിച്ചുവിടാവൂ എന്നുള്ള വ്യവസ്ഥ ഈ നിയമത്തിൽ കൊണ്ടുവരാൻ പാടുള്ളൂ. അല്ലെങ്കിൽ ഈ തൊഴിലാളികളെ പിരിച്ചുവിടുന്നതിന് ഉതകത്തക്കരീതിയിലുള്ള ഒരു നിയമമായി ഇതുമാറിക്കൂടെന്നില്ല. സർ, ഇപ്പോൾ പലതൊഴിലാളികളും പല സംഘടനകളും രൂപീകരിച്ചിട്ടുണ്ട്. അങ്ങനെ രൂപീകരിച്ച സംഘടനകളുടെ അടിസ്ഥാനത്തിൽ പലയിടങ്ങളിലും തൊഴിലാളികൾ സമരം ചെയ്തിട്ടുണ്ട്. പലയിടങ്ങളിലും സമരം ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് ഇതുവരെ കോമ്പൻസേഷനോ മറ്റ് യാതൊരു ആനുകൂല്യങ്ങളോ കൊടുത്തിട്ടില്ല. അങ്ങനെ തിരുവനന്തപുരത്തുതന്നെ നിരവധി സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്. എന്നാൽ അതിലെ തൊഴിലാളികൾക്ക് യാതൊരു ആനുകൂല്യങ്ങളും കോമ്പൻസേഷനും മറ്റൊന്നും നല്കിയിട്ടില്ല. നാലഞ്ചുവർഷങ്ങൾക്കകം പിരിച്ചുവിടപ്പെട്ടിട്ടുള്ള തൊഴിലാളികൾക്കുകൂടെ ന്യായമായ കോമ്പൻസേഷൻ കിട്ടത്തക്കരീതിയിൽ മുൻകാലപ്രാബല്യത്തോടുകൂടി ആവശ്യമുള്ള വകുപ്പുകൾ ഈ നിയമത്തിൽ എഴുതിച്ചേർക്കണമെന്ന് എനിക്ക് അഭ്യർത്ഥനയുണ്ട്. അതു

LIBRARY ARCHIVES Kerala Legislative Assembly

പോലെ ഈ പട്ടണങ്ങളിൽത്തന്നെ പരിശോധിച്ചാൽ ഇക്കഴിഞ്ഞ നാലഞ്ചു വർഷത്തിനകം നിരവധി തൊഴിലാളികൾ പിരിച്ചുവിടപ്പെട്ടിട്ടുണ്ട്. അവർക്ക് യാതൊരു ആനുകൂല്യങ്ങളും ലഭിച്ചിട്ടില്ല. അതുകൊണ്ട് അത്തരം തൊഴിലാളികളെക്കൂടി കൂട്ടിച്ചേർത്തുകൊണ്ട് അവർക്കുംകൂടി ആനുകൂല്യങ്ങൾ കിട്ടത്തക്കവണ്ണം മുൻകാലപ്രാബല്യത്തോടുകൂടിയുള്ള ഒരു നിയമ നിർമ്മാണം കൊണ്ടുവരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഈ നിയമനിർമ്മാണത്തെ ഞാൻ ആത്മാർത്ഥമായി സ്വാഗതം ചെയ്യുന്നു. കേരള ഷോപ്സ് ആൻറ് കമ്മേർഷ്യൽ എസ്റ്റാബ്ലിഷ്മെൻറ് ആക്ടിൻെറ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ ഏകദേശം നാലുലക്ഷത്തിൽപ്പരം തൊഴിലാളികൾ ഇന്നു പണിയെടുക്കുന്നുണ്ട്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് സംഘടിത തൊഴിലാളിമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെക്കാൾ കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്ന ഈ മേഖലയിൽ അവരുടെ തൊഴിലുകളുടെ പ്രത്യേകതകൊണ്ടും, ഓരോ തൊഴിൽസ്ഥാപനങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണക്കുറവുകൊണ്ടും സംഘടിത സമരങ്ങളിലൂടെയോ അവകാശ പ്രക്ഷോഭണങ്ങളിലൂടെയോ ഇത്തരം തൊഴിലാളികളുടെ അവകാശങ്ങൾ നേടിയെടുക്കാൻ കഴിയാത്ത ഒരു സാഹചര്യമാണ് ഇന്ന് നിലവിലിരിക്കുന്നത്. അതുകൊണ്ട് നിയമത്തിൻെറ പരിധിയിൽ നിന്നുകൊണ്ട് ഇത്തരം തൊഴിലാളികളെ സംരക്ഷിക്കേണ്ട ചുമതല പ്രത്യേകിച്ചും തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് മുൻഗണനകൊടുക്കുന്ന ഒരു ഗവൺമെൻറിൻെറ ചുമതലയാണ്. അതിനു തയ്യാറായതിൽ ഞാൻ ഈ ഗവൺമെൻറിനെ ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്.

സർ, ഇന്ന് ഈ ആക്ടിൻെറ പരിധിയിൽ വരുന്ന വ്യവസായ സ്ഥാപനങ്ങളിൽ ഈ ആക്ടിൻെറ അടിസ്ഥാനത്തിൽനിന്നുകൊണ്ട് മിനിമം വേജസും മറ്റ് ആനുകൂല്യങ്ങളും അവർക്ക് അനുവദിച്ചിട്ടുണ്ടെങ്കിൽത്തന്നെയും ബഹുഭൂരിപക്ഷംവരുന്ന തൊഴിലാളികൾക്കും ഈ ആനുകൂല്യങ്ങൾ ഇന്ന് ലഭിക്കുന്നില്ല, എന്നുള്ളതാണ് സത്യം. സർ, ഇത്തരം വ്യവസായ സ്ഥാപനങ്ങളിൽ വളരെ ദീർഘകാലമായി അവരുടെ സർവീസിനെ സംബന്ധിച്ചോ, അവർക്കു കൊടുക്കുന്ന ശമ്പളത്തെ സംബന്ധിച്ചോ യാതൊരു റിക്കാർഡും മസ്ട്രോളും സൂക്ഷിക്കാറില്ല. പല അവസരങ്ങളിലും ഈ ജീവിത ബുദ്ധിമുട്ടുകൾ സഹിക്കാൻ കഴിയാതെ വരുമ്പോൾ തൊഴിലാളികൾ അസിസ്റ്റൻറ് ലേബർ ഓഫീസർക്ക് പരാതി സമർപ്പിച്ചുകഴിഞ്ഞാൽ, അവിടുത്തെ അന്വേഷണം നടത്തി വന്നു കഴിഞ്ഞാൽ ഈ തൊഴിലാളികളുടെ വേതന വ്യവസ്ഥകളെ സംബന്ധിച്ചും ശമ്പളം കൊടുക്കുന്നതിനെ സംബന്ധിച്ചും യാതൊരു രേഖയുമില്ലാത്തതിൻെറ അടിസ്ഥാനത്തിൽ ഇത്തരം തൊഴിലാളികൾ ഈ സ്ഥാപനങ്ങളിൽ പണിയെടുക്കുന്നില്ലെന്നുപോലും ഉള്ള മാനേജ്മെൻറിൻെറ വാദത്തെ ഈ ലേബർ ഡിപ്പാർട്ടുമെൻറിന് സമ്മതിക്കേണ്ടിവരും.

സർ, മുഖ്യമായും ചൂണ്ടിക്കാണിക്കാനുള്ളത് ഇന്ന് ഈ ഷോപ്സ് ആൻറ് കമ്മേർഷ്യൽ എസ്റ്റാബ്ലിഷ്മെൻറ് ആക്ട് പാസ്സാക്കി നടപ്പിലാക്കിയാൽത്തന്നെയും ഈ ആക്ട് ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി നമ്മുടെ ലേബർ ഡിപ്പാർട്ടുമെൻറ് പ്രവർത്തനം കാര്യക്ഷമമാക്കുവാൻ കഴിയുന്നില്ലെങ്കിൽ നിയമനിർമ്മാണംകൊണ്ട് ഫലമുണ്ടെന്നോ എനിക്ക് അഭിപ്രായമില്ല. നാലുലക്ഷത്തിൽപ്പരം വരുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് സംഘടിക്കാനും സംഘടിച്ചുനിന്നുകൊണ്ട് അവകാശങ്ങൾ നേടിയെടുക്കാനും കഴിയാത്ത ഒരു സാഹചര്യം നിലവിലിരിക്കു

LIBRARY ARCHIVES Kerala Legislative Assembly

പ്പോഴും നിയമത്തിന്റെ പരിരക്ഷ കൂടുതൽ കർക്കശമാക്കിക്കൊണ്ട് ഈ ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് നേടിക്കൊടുക്കുന്ന നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. സർ, ഈ അവസരത്തിൽ ഒരു വസ്തുത ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. ഈ ആക്ടിന്റെ പരിധിയിൽ കഴിയുന്നവരാണ് സ്വകാര്യ ആശുപത്രികളിൽ പണിയെടുക്കുന്ന ജീവനക്കാർ. കഴിഞ്ഞ നിയമസഭയിൽ ഒരു ശ്രദ്ധക്ഷണിക്കലിലൂടെ ആ തൊഴിലാളികളുടെ പ്രശ്നങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അന്ന് തൊഴിൽ വകുപ്പ് കൈകാര്യം ചെയ്തിരുന്ന വകുപ്പുമന്ത്രി ഈ സ്വകാര്യ ആശുപത്രി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ചുള്ള മിനിമം വേജസ് കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുമെന്ന് ഉറപ്പു നൽകിയിരുന്നു. ആതുരശുശ്രൂഷാ രംഗത്ത് സ്വകാര്യ ആശുപത്രികൾ നടത്തുന്ന സ്തുത്യർഹമായ സേവനത്തെ ഞാൻ വിസ്മരിക്കുന്നില്ല. ഏകദേശം 29,000 ബഡ്ഡുകൾ സ്വകാര്യ മേഖലയിലുണ്ട്. ഇന്ന് ഈ സ്വകാര്യ മേഖലയിൽ അതിലേറെ തൊഴിലാളികളും പണിയെടുക്കുന്നു. പക്ഷേ ഗവൺമെന്റ് സർവീസിലുള്ള ജീവനക്കാരേക്കാൾ കൂടുതൽ തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കുന്നുണ്ട്. മലയാള മനോരമതന്നെ ഈ സ്വകാര്യ ആശുപത്രി ജീവനക്കാരുടെ ബുദ്ധിമുട്ടുകളെ സംബന്ധിച്ച് ഒരു സർവേ നടത്തുകയും ആ സർവേ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നതാണ്. സ്പെഷ്യലൈസ്ഡ് ഡോക്ടർമാർ ഒഴികെയുള്ള എം.ബി., ബി.എസ്. ഡോക്ടർമാർ തൊട്ട് താഴോട്ടുള്ള എല്ലാ ജീവനക്കാർക്കും തുച്ഛമായ ശമ്പളം കൊടുത്തുകൊണ്ട് അവരെ ചൂഷണം ചെയ്യുന്ന ഒരു സംവിധാനമാണ് ഇന്ന് സ്വകാര്യ ആശുപത്രികളിൽ നടന്നുകൊണ്ടിരിക്കുന്നത്. സർ, ഈ ജീവനക്കാരുടെ മിനിമംവേജസ് നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് അവരുടെ ജോലിവ്യവസ്ഥയെ സംബന്ധിച്ച് ഒക്കെത്തന്നെ അന്വേഷിക്കുന്നതിന് ഗവൺമെന്റ് ഒരുകമ്മിറ്റിയെ നിയമിച്ചിരുന്നു. ആ കമ്മിറ്റി ഒരു റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ടിനെക്കുറിച്ച് പരാതി പൊന്തിവന്നപ്പോഴും അതേ സംബന്ധിച്ച് ഒബ്ജക്ഷൻ കാംഫോർ ചെയ്യുന്നതിനുവേണ്ടി ഗവൺമെന്റ് നോട്ടിഫൈ ചെയ്തിരുന്നു. അങ്ങനെ എല്ലാതൊഴിലുടമകളിൽനിന്നും തൊഴിലാളി സംഘടനകളിൽനിന്നും ഒബ്ജക്ഷൻ എല്ലാം സ്വീകരിച്ചതിനുശേഷം ഗവൺമെന്റ് ഫൈനലായിട്ട് ഒരു തീരുമാനം എടുത്തിട്ടില്ല. കഴിഞ്ഞ രണ്ടുമൂന്നു സെഷനിൽ ഈ സഭയ്ക്ക് നൽകിയ ഉറപ്പ് എല്ലാംതന്നെ ലംഘിച്ചിരിക്കുകയാണ്. സർ, ഈ സമയത്ത് ഇത്തരം തൊഴിലാളികളുടെ കാര്യങ്ങൾകൂടി വളരെ ഗൗരവമായി ഗവൺമെന്റ് കാണണം. ഇന്ന് 50 രൂപയ്ക്കാണ് ഈ ആശുപത്രിയിൽ പണിയെടുക്കുന്ന അറ്റൻഡർമാരായ സ്ത്രീകളും അവിടെയുള്ള മറ്റ് താഴ്ന്ന ജീവനക്കാരും കഴിയുന്നത്. അവർ ഉടുക്കുന്ന വസ്ത്രങ്ങൾ കഴുകുവാനുള്ള പ്രതിഫലംപോലും ലഭിക്കുന്നില്ല. തൊഴിൽപ്രശ്നങ്ങൾക്കും തൊഴിലാളികളുടെ കാര്യങ്ങൾക്കും മുൻഗണന നൽകുന്ന ഈ ഗവൺമെന്റ് എത്രയും വേഗംതന്നെ മിനിമംവേജസ് ആക്ട് നടപ്പിലാക്കുന്നതിനുള്ള ധീരമായ നടപടി സ്വീകരിക്കണമെന്ന് ഒരിക്കൽക്കൂടി ഞാൻ ഓർമ്മിപ്പിക്കുന്നു. അതോടൊപ്പം നമ്മുടെ തൊഴിൽവകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു കാര്യം പറയാനുണ്ട്. അവർക്ക് ഇന്നുള്ള നിയമപരമായ അധികാരങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നു എന്നു തൊഴിലുടമകളെ ബോധ്യപ്പെടുത്താനും തൊഴിലാളികൾക്ക് ഈ ആലോചനാ സമിതികളിലും മറ്റ് സംരംഭങ്ങളിലൊക്കെത്തന്നെ ഇന്നു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആശങ്ക വീണ്ടെടുക്കുന്നതിന് സഹായകരമാകുന്ന നിലയിൽ നമ്മുടെ തൊഴിൽവകുപ്പിന്റെ പ്രവർത്തനം ശക്തമാക്കാനും വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഷോപ്പ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് ആക്ട്, 1960-ന് ഭേദഗതി കൊണ്ടുവരുമ്പോൾ ഈ ആക്ടിൻെറ പരിധിയിൽ കൊണ്ടുവരേണ്ട മറ്റൊരു പ്രശ്നം ശ്രദ്ധയിൽപ്പെടുത്താനാണ് ഇത് സെലക്ടുകമ്മിറ്റിക്ക് അയക്കണമെന്നുള്ള പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നത്. ഈ നിയമം നടപ്പിലാക്കാനുള്ള പരിശ്രമം തുടങ്ങിയതിനുശേഷം പല മാറ്റങ്ങളും ആവശ്യമായി വന്നിട്ടുണ്ട്. കോടതിവിധിയുടെ അടിസ്ഥാനത്തിലുള്ള ഒരു മാറ്റമാണ് ഇപ്പോൾ നിർദ്ദേശിക്കുന്നത്. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. അതേസമയത്തുതന്നെ മെഡിക്കൽ ആൻറ് സെയിൽസ് റെപ്രസന്റേറ്റീവ്സ് ഒരു പ്രധാനപ്പെട്ട ഘടകമാണ്. നമ്മുടെ രാജ്യത്ത് വിദേശ കുത്തകസ്ഥാപനങ്ങളും അതുമായി ബന്ധപ്പെട്ട നമ്മുടെ നാട്ടിലെ കുത്തകസ്ഥാപനങ്ങളും നടത്തുന്ന സ്ഥാപനങ്ങളിലെ ജോലിക്കാരാണ് ഇവർ. അവർക്കെതിരായി പ്രതികാരനടപടികളും കേരളത്തിലുള്ള സ്ഥാപനങ്ങളിലെ ഏജൻസികളും ഇന്നു എടുത്തുവരികയാണ്. സംഘടനാപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള അവരുടെ നേതാക്കന്മാരെ ഡിസ്മിസ് ചെയ്തതിനെതിരായി രാജ്യവ്യാപകമായ പ്രക്ഷോഭണങ്ങളും ഇന്നു ഉയർന്നുവന്നിട്ടുണ്ട്. മുഖ്യമായി നമ്മുടെ ദേശീയമായ ഒരു അടിസ്ഥാന പ്രശ്നത്തെ ആസ്പദമാക്കി ആ സംഘടന പ്രവർത്തിച്ചു എന്നുള്ളതാണ് ഈ പ്രതികാര നടപടികൾക്ക് കാരണമായിത്തീർന്നിട്ടുള്ളത്. ബഹുരാഷ്ട്ര കുത്തക കമ്പനികളും ഈ നാട്ടിലുണ്ടാക്കുന്ന മരുന്നുകളിൽ മായം ചേർത്ത് നമ്മുടെ രാജ്യത്തിലെ ആളുകളുടെ ആരോഗ്യം തകർക്കുന്നു എന്നു മാത്രമല്ല അതിനു വലിയ വിലയീടാക്കുന്നു എന്നുകൂടിയുള്ള കാര്യം ഈ സംഘടനാപ്രതിനിധികളും എം.എൽ.എ. മാരുടെയും എം.പി. മാരുടെയും ഗവൺമെൻറിൻെറയും ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. മായം ചേർത്ത മരുന്നുകളും ജനങ്ങളുടെ ആരോഗ്യത്തെ തകർക്കുന്നതുകൊണ്ട് അതു നിരോധിക്കണമെന്നാണ് അവർ ആവശ്യപ്പെടുന്നത്. അതുപോലെ അമിതമായ വില ഈടാക്കുന്നത് കുറക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യം മാത്രമല്ല, ഇതെല്ലാം പ്രായോഗികമാക്കാൻ സാധിക്കണമെങ്കിൽ ഈ സ്ഥാപനങ്ങളും ദേശസാൽക്കരിക്കണമെന്ന മൗലികമായ ആവശ്യവും അവർ ഉന്നയിച്ചിട്ടുണ്ട്. നമ്മുടെ രാജ്യത്തെ ദേശീയാവശ്യവുമായി ഈ സംഘടനകളും നീങ്ങുന്നു എന്നുള്ളതുകൊണ്ടുതന്നെ ഈ സംഘടനാനേതാക്കന്മാർക്കും പ്രവർത്തകർക്കുമെതിരായി ശക്തമായ പ്രതികാരനടപടികളും ഇന്നു എടുത്തുവരുന്നുണ്ട്. അതുപോലെതന്നെ ഈ സ്ഥാപനങ്ങളും ദേശസാൽക്കരിക്കുന്നതിൻെറ ഫലമായി നമ്മുടെ രാജ്യത്തെ സാമ്പത്തികസ്ഥിതിക്ക് ഗുണം ചെയ്യുമെന്നുമാത്രമല്ല ചുരുങ്ങിയ വിലക്ക് നല്ല മരുന്നുകളും ഉൽപ്പാദിപ്പിക്കാൻ നമുക്ക് സാധിക്കുകയും ചെയ്യും. അത്തരം ഒരു ആവശ്യത്തിൻെറ അടിസ്ഥാനത്തിൽ പ്രക്ഷോഭണം കൂട്ടുകയും സമരം സംഘടിപ്പിക്കുകയും ചെയ്യുന്നവർക്കെതിരായി പ്രതികാര നടപടികളും എടുക്കുന്നതു അവരെ സംരക്ഷിക്കാനുള്ള യാതൊരു നിയമവും ഇന്നു ഇല്ലാത്തതുകൊണ്ടാണ്. നമ്മുടെ രാജ്യത്തുള്ള നിയമങ്ങളിൽ പലതിൻേറയും സംരക്ഷണം ഈ വിഭാഗത്തിന് ഇന്നു ലഭിക്കുന്നില്ല. നമ്മുടെ ഈ നിയമത്തിൻെറ പരിധിയിൽ ഈ സ്ഥാപനങ്ങളേയും അതിൽ പണിയെടുക്കുന്ന മെഡിക്കൽ ആൻറ് സെയിൽസ് റെപ്രസെൻേറ റ്റീവ്സിനേയും കൊണ്ടുവന്നാൽ തീർച്ചയായും അവരുടെ ദേശീയ സമരത്തിന് നമ്മുടെ ഗവൺമെൻറിനും നമ്മുടെ രാജ്യത്തെ തൊഴിലാളിപ്രസ്ഥാനങ്ങൾക്കും പിൻതുണ നൽകാൻ കഴിയും. അവർക്ക് സംഘടനാപരമായ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കും, അതിൻെറ ഫലമായി പിരിച്ചുവിടൽഭീഷണി കൂടാതെ അവർക്ക് ജോലി നടത്താനും സാധിക്കും. അതുകൊണ്ട് ഇതൊരു ദേശീയാവശ്യമെന്ന നിലകൂടി കണക്കിലെടുത്തുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഈ ആക്ടിന്റെ പരിധിയിൽ ഈ സ്ഥാപനങ്ങളേയും അതിലെ ജീവനക്കാരേയുംകൂടി ഉൾപ്പെടുത്താനുള്ള നടപടിയെടുക്കണം. ഇത് സെലക്ടു കമ്മിറ്റിക്ക് വിട്ടാൽ ഈ ബില്ലിന്റെ ഭാഗമായി കൊണ്ടുവരാൻ സാധിക്കുന്ന പ്രസക്തമായ ഒരു പ്രശ്നമാണ്. ഈ കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിൽ ഉണ്ടാകണമെന്നും അതിന്റെ അടിസ്ഥാനത്തിലുള്ള നിയമ നിർമ്മാണം നടത്തണമെന്നുമുള്ള ആവശ്യം ഗവൺമെന്റിന്റെ മുൻപാകെ സമർപ്പിക്കുന്നതിനുവേണ്ടിയാണ് ഈ ബിൽ സെലക്ടുകമ്മിറ്റിക്ക് അയക്കണമെന്നുള്ള മോഷനെ ഞാൻ അനുകൂലിക്കുന്നത്.

ശ്രീ. ഇ. പി. ഗോപാലൻ: കട, കച്ചവടസ്ഥാപന നിയമത്തിൽ നിലവിലുള്ള നാലാം വകുപ്പിന്റെ കൂടെ ഒരു ഉപവകുപ്പുമാത്രം ചേർക്കുന്ന ഒരു ഭേദഗതി നിയമമാണ് ഇത്. നിലവിലുള്ള നിയമത്തിലെ മൂന്നും നാലും വകുപ്പുകൾക്ക് ഉള്ള ദുർബലഭാഗം വർദ്ധിപ്പിക്കാനാണോ 4 (എ) ചേർക്കുന്നതെന്നുള്ളതാണ് പ്രസക്തമായ ചോദ്യം. നിലവിലുള്ള നിയമത്തിലെ മൂന്നും നാലും വകുപ്പുകൾ സർവ്വശക്തങ്ങളൊന്നുമല്ല. മൂന്നും നാലും വകുപ്പുകൾക്ക് പരിമിതികളുണ്ട്. ആ മൂന്നും നാലും വകുപ്പുകളുടെ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ടുതന്നെ നാലാം വകുപ്പിന് ഒരു ഉപവകുപ്പ് ചേർക്കുന്നതുകൊണ്ട് തൊഴിലാളികൾക്ക് കൂടുതൽ സൗകര്യമാണോ ലഭിക്കുന്നത്, കുറവു സൗകര്യമാണോ ലഭിക്കുന്നത് എന്നതാണ് ഈ ഘട്ടത്തിലെ പ്രസക്തമായ വിഷയം. അങ്ങനെ വരുമ്പോൾ നിശ്ചയമായും 4 (എ) എന്നുള്ള ഇപ്പോൾ കൂട്ടിച്ചേർക്കുന്ന വകുപ്പുകൊണ്ട് നിലവിൽ, തൊഴിലാളികൾക്ക് കിട്ടുന്ന സൗകര്യങ്ങളേക്കാൾ കൂടുതൽ സൗകര്യങ്ങളാണ് ലഭിക്കുന്നത്. ഇതാണ് ഈ ഭേദഗതി നിയമത്തിന്റെ കാതലായ ഭാഗം എന്നുള്ളതുകൊണ്ട് ഇനി അങ്ങോട്ട് ആവർത്തന വിരസതക്ക് ആക്കം കൂട്ടാൻ ഞാൻ ഇല്ല. ഈ ഭേദഗതിബിൽ പാസ്സാക്കുന്നതുകൊണ്ട് നിലവിൽ തൊഴിലാളികൾക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ വർദ്ധിക്കുന്നുണ്ട് എന്നുള്ളത് സമ്മതിക്കുമെങ്കിൽ ഈ നിയമം എല്ലാവരും ഒന്നിച്ചു പാസ്സാക്കുന്നത് ഉത്തമമായിരിക്കുമെന്നു പറഞ്ഞുകൊണ്ട് ഇതിനെ ഞാൻ ഒരിക്കൽകൂടി പിൻതാങ്ങുന്നു.

ശ്രീ. ആർ. സുന്ദരേശൻ നായർ: സർ, ഞാൻ ഈ ബില്ലിനെ പിൻതാങ്ങുന്നു. ഷോപ്പ്സ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് ആക്ടിന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾ വളരെ അസംഘടിതരായ, വിലപേശാൻ ശക്തി വളരെയധികം കുറഞ്ഞ ഒരു വിഭാഗം ആളുകളാണ്. നമ്മുടെ തൊഴിലാളികൾ ഇന്ന്, ശരിക്ക് പറഞ്ഞാൽ, രണ്ടു വിഭാഗത്തിൽപെടുന്നവരാണ്. ഒരു കൂട്ടം ആളുകൾ അവരുടെ സംഘടനാശേഷികൊണ്ടും അവർ പ്രവർത്തിക്കുന്ന പ്രസ്ഥാനത്തിന്റെ സ്വഭാവംകൊണ്ടും അതിന്റെ സാമൂഹിക ജീവിതവുമായുള്ള ബന്ധംകൊണ്ടും വളരെയധികം വിലപേശാൻ ശക്തിയുള്ളവരാണ്. അവർക്ക് കഴിഞ്ഞ മുപ്പതുവർഷംകൊണ്ട് നമ്മുടെ രാജ്യത്ത് വളരെയധികം കാര്യങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇന്നു രാവിലെതന്നെ ഇലക്ട്രിസിറ്റി ബോർഡിലെ തൊഴിലാളികളുടെ ബോണസിനെക്കുറിച്ച് ചർച്ച ചെയ്തു. ആയിരം രൂപയിൽ കൂടുതൽ മാസം ശമ്പളം കിട്ടുന്ന തൊഴിലാളികളുടെ ബോണസിന്റെ കാര്യത്തെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്തത്. അതുപോലെതന്നെ ചില ആളുകൾ അവരുടെ പ്രവർത്തനശൈലികൊണ്ട് വല്ലാത്ത വിലപേശൽ നടത്താനുള്ള ശക്തി ആർജ്ജിച്ചിട്ടുണ്ട്. ചാലയിലെ ചുമട്ടുതൊഴിലാളികൾ അട്ടിമറി എന്ന പേരു പറഞ്ഞുകൊണ്ട് കുറെയൊക്കെ റൗഡിസം സ്വീകരിച്ചുകൊണ്ട് ദിവസം 50 രൂപവച്ച് മാസം 1500 രൂപവരെ വരുമാനമുണ്ടാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തീരെ സ്വാധീനം കുറഞ്ഞ, വിലപേശൽ ശക്തി കുറഞ്ഞ തൊഴിലാളി പ്രസ്ഥാനങ്ങളും നമ്മുടെ നാട്ടിൽ വളരെയധികമുണ്ട്. ഇന്നും സംഘടിത തൊഴിലാളി പ്രസ്ഥാനത്തിനുവേണ്ടി വാദിക്കുന്ന ആളുകളും ഈ ഇരുകൂട്ടരേയും ഒരുപോലെ കാണുന്ന ഒരു സമീപനമാണ് സമൂഹത്തിൽ സ്വീകരിച്ചുവരുന്നതായി കാണുന്നത്. നമ്മുടെ തൊഴിലാളികൾക്കുവേണ്ടി നിർമ്മിക്കുന്ന നിയമനിർമ്മാണങ്ങളിലും തൊഴിലാളി പ്രശ്നങ്ങളോടുള്ള സമീപനങ്ങളിലുമൊക്കെ ഈ ഇരു വിഭാഗം തൊഴിലാളികളെയും രണ്ടായി കാണാനുള്ള ഒരു സമീപനം സ്വീകരിക്കണം. ഇന്നു സ്വാധീനശക്തി കുറഞ്ഞ തൊഴിലാളികളുടെ താൽപ്പര്യങ്ങൾ കൂടുതൽ സംരക്ഷിക്കാൻ, വേണ്ടി വന്നാൽ സ്വാധീനശക്തി കൂടിയ വിഭാഗത്തിലുള്ള തൊഴിലാളികളുടെ ആനുകൂല്യം കുറച്ചുകൊണ്ട് ഈ വിലപേശാൻ കഴിവില്ലാത്ത തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ടി ഗവൺമെൻറും സംഘടിത തൊഴിലാളിപ്രസ്ഥാനത്തിനുവേണ്ടി വാദിച്ചുനടക്കുന്ന രാഷ്ട്രീയപ്രസ്ഥാനങ്ങളിലെ നേതാക്കൻമാരും മുന്നോട്ടുവരണമെന്നുള്ള അഭിപ്രായമാണ് എനിക്ക് ഇത്തരുണത്തിൽ മുന്നോട്ടുവയ്ക്കാനുള്ളത്. അതുപോലെ ഇതുപോലുള്ള കാമേഴ്സ്യൽ സ്ഥാപനങ്ങളിലെ പാവപ്പെട്ട തൊഴിലാളികൾ, അവർ യാതൊരു തരത്തിലുള്ള സേവന സുരക്ഷിതത്വവും ഇല്ലാത്ത ഒരു വിഭാഗം ആളുകളാണ്. അവരെ പെട്ടെന്നു പിരിച്ചുവിടാൻ വലിയ സ്വാധീനമുള്ള മുതലാളിമാർക്ക് സാധിക്കും. അത് അല്ലെങ്കിൽപോലീസിൻെറ സഹായത്തോടുകൂടി എന്തെങ്കിലും കാരണങ്ങൾ ഉണ്ടാക്കി തൊഴിൽ ഉടമകൾക്ക് അവരെ പിരിച്ചുവിടുന്നത് വലിയ പ്രയാസമുള്ള കാര്യമല്ല. അങ്ങനെ വളരെയധികം സംഭവങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. അങ്ങനെ പുറത്തുപോകുന്ന തൊഴിലാളികൾ ജീവിക്കാൻ മാർഗ്ഗമില്ലാത്ത ആളുകളാണ്. അവരെ നിയമപരമായി സഹായിക്കുന്നതിനുവേണ്ടി ഒരു നിശ്ചിത കാലഘട്ടത്തിനകം, ആറുമാസത്തിനകം, ബന്ധപ്പെട്ട അധികാരികൾക്ക് അപ്പീൽ കൊടുക്കണമെന്നാണ് പറയുന്നത്. രണ്ടു മൂന്നു വർഷം കേസിനുപോയി അവസാനം കേസിൻെറ വിധി ഉണ്ടാകുമ്പോൾ, അപ്പലേറ്റ് അതോറിട്ടിക്ക് ഡിസ്മിസ് ചെയ്യാൻ അധികാരമുണ്ട്, ശമ്പളത്തോടുകൂടി ജോലിയില്ലാതെനിന്ന കാലത്തേക്ക് കോമ്പൻസേഷൻ കൊടുത്ത് തിരിച്ചെടുക്കണമെന്നു പറയാനും അവകാശമുണ്ട്, തിരിച്ചെടുക്കാൻ തയ്യാറല്ലെന്നു മുതലാളി പറഞ്ഞാൽ കോമ്പൻസേഷൻമാത്രം കൊടുത്തുവിടാൻ അധികാരമുണ്ട്. ഒരു തൊഴിലാളിയെ തിരിച്ചെടുക്കാൻ മുതലാളി വിസമ്മതിച്ചാൽ കോമ്പൻസേഷനോടുകൂടി ജോലിയില്ലാതെ പിരിച്ചുവിട്ട കാലഘട്ടത്തിലെ ശമ്പളവുംകൂടി കൊടുക്കണമെന്ന വ്യവസ്ഥയാണ് ഇതിൽ കൊണ്ടുവന്നിരിക്കുന്നത്. അതോടൊപ്പംതന്നെ ശ്രീ. ശങ്കരൻകുട്ടി ചൂണ്ടിക്കാണിച്ച ഒരപകടവുമുണ്ട്. ശമ്പളത്തോടുകൂടി തിരിച്ചെടുക്കണം അല്ലെങ്കിൽ ഇത്ര കോമ്പൻസേഷൻ കൊടുത്ത് പിരിച്ചുവിടണം എന്നു പറയാൻ അപ്പലേറ്റ് അതോറിട്ടി ബാദ്ധ്യസ്ഥനായിരിക്കും. അപ്പോൾ ഏതാണ് വേണ്ടതെന്നു തിരഞ്ഞെടുക്കാനുള്ള ഒരു ഓപ്ഷൻ തൊഴിലുടമയ്ക്കു കൊടുക്കുക. ഒന്നുകിൽ പിൽക്കാല ശമ്പളത്തോടുകൂടി തിരിച്ചെടുക്കുക അല്ലെങ്കിൽ കോമ്പൻസേഷൻ കൊടുത്ത് പിരിച്ചുവിടാനുള്ള സ്വാതന്ത്ര്യം തൊഴിലുടമയ്ക്ക് നൽകുക. കോമ്പൻസേഷൻെറ തുക അപ്പലേറ്റ് അതോറിട്ടിക്ക് കൂട്ടാനും കുറയ്ക്കാനും കഴിയുന്ന തരത്തിലായതുകൊണ്ട് തൊഴിലുടമയുടെ സ്വാധീനമുണ്ടെങ്കിൽ അത് കുറയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പിൽക്കാല ശമ്പളത്തിൻെറ കൂടെ കോമ്പൻസേഷനായി ഇത്ര കൂട്ടണമെന്ന് നിർബന്ധിക്കുന്ന വ്യവസ്ഥകളൊന്നുമില്ല. അതുകൊണ്ട് കോമ്പൻസേഷൻ കൊടുത്ത് പിരിച്ചുവിടാൻ മുതലാളി തീരുമാനിക്കുകയും കോമ്പൻസേഷൻ ഇത്ര കൊടുക്കണമെന്നു പറയാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

അധികാരം അപ്പലേറ്റ് അതോറിട്ടിക്ക് ഉണ്ടായിരിക്കുകയും ചെയ്താൽ അപ്പലേറ്റ് അതോറിട്ടിയെ സ്വാധീനിക്കാൻ കഴിഞ്ഞാൽ ഒരു തുച്ഛമായ തുക കോമ്പൻസേഷനായി അനുവദിച്ചുകൊണ്ട് അയാളെ പിരിച്ചുവിടാനുള്ള അവകാശം തൊഴിലുടമയ്ക്ക് കിട്ടുന്നു. എന്നാൽ മനുഷ്യസ്നേഹിയായ ഒരു അപ്പലേറ്റ് അതോറിട്ടി ഇത്ര ശമ്പളവും ഇത്ര കോമ്പൻസേഷനോടുംകൂടി ഒരാളെ തിരിച്ചെടുക്കണമെന്നുമാത്രം വിധി പ്രഖ്യാപിച്ചാൽതന്നെ തന്നിൽ നിക്ഷിപ്തമായിരിക്കുന്ന മുഴുവൻ അധികാരവും വിനിയോഗിച്ചിട്ടില്ല എന്ന കാരണം പറഞ്ഞുകൊണ്ട് തൊഴിലുടമയ്ക്ക് ഹയർ കോടതിയിൽ പോകാനുള്ള അവസരവുംകൂടിയുണ്ട്. അതുകൊണ്ട് വകുപ്പ് 4 എടുത്തു മാറ്റിയിട്ട് പകരം ആ സ്ഥാനത്ത് ഇപ്പോൾ 4 (എ) എന്നു പറഞ്ഞിരിക്കുന്ന വകുപ്പ്, വകുപ്പ് 4—ആയിട്ട് എഴുതി ചേർക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്.

ഈ അവസരത്തിൽ മറ്റൊരഭിപ്രായവുംകൂടി പറയാൻ ഞാനാഗ്രഹിക്കുന്നു. നമ്മുടെ തൊഴിലാളിപ്രസ്ഥാനവുമായി ബന്ധപ്പെട്ട ആളുകളും ഈ സഭയും വളരെ ഗൗരവപൂർവ്വം ചിന്തിക്കേണ്ട ഒരു കാര്യമാണ്. ട്രേഡ് യൂണിയൻ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളിനേതാക്കന്മാരിൽനിന്ന് തൊഴിലാളികൾക്കുണ്ടാകുന്ന അപകടത്തിൽനിന്നും അവരെ സംരക്ഷിക്കാൻ വല്ല മാർഗ്ഗവും ഉണ്ടോ എന്നു പരിശോധിക്കണം. 60 ദിവസത്തിനകത്ത് അപ്പീൽ പോകാനാണ് ഇതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. 60 ദിവസത്തിനകം അപ്പീൽ പോകുന്നതിനുപകരം നിങ്ങളുടെ കാര്യങ്ങൾ ഞങ്ങൾ സാധിച്ചുതരാമെന്നു പറഞ്ഞുകൊണ്ട് പുറത്തുവിട്ട തൊഴിലാളികളേയും പ്രവൃത്തി എടുക്കുന്ന മറ്റു തൊഴിലാളികളേയും ചേർത്ത് ഷോപ്പിന്റെ നടയിൽ കാലാവധി കഴിയുന്നതുവരെ സമരം ചെയ്യിക്കും. ഇങ്ങനെ തൊഴിലാളികൾക്കുവേണ്ടി തങ്ങൾ പ്രവൃത്തിച്ചു എന്നു വരുത്തി അവരുടെയിടയിൽ സ്വാധീനം ഉണ്ടാക്കി എടുക്കുകയും തൊഴിലാളികൾക്ക് അപ്പീൽ പോകാനുള്ള അവസരം ഇല്ലാതാക്കുകയും, നിയമത്തിലെ വ്യവസ്ഥയനുസരിച്ച് സാമാന്യം നല്ല തുക കോമ്പൻസേഷൻ കിട്ടേണ്ട തൊഴിലാളിക്ക് അതു കിട്ടുന്നതിനുള്ള അവസരം ഇല്ലാതാക്കുകയും എന്തെങ്കിലും തുച്ഛമായ തുക തൊഴിലാളിക്കും അതിനേക്കാൾ മോശമല്ലാത്ത തുക തൊഴിലാളിനേതാവിനും ലഭിക്കുകയും മുതലാളിയുടെ നന്ദിബോധനത്തിനും ഭാവി പ്രതിഫലത്തിനും തൊഴിലാളി നേതാവ് അർഹനാകുകയും ചെയ്യുന്നു.

ശ്രീ. കെ.സി. വാമദേവൻ: ശ്രീ സുന്ദരേശൻ നായർ എന്തെങ്കിലും ട്രേഡ് യൂണിയനുമായി ബന്ധപ്പെട്ടിട്ടുണ്ടോ?

ശ്രീ. ആർ. സുന്ദരേശൻ നായർ: ചെറുതായി ബന്ധപ്പെട്ടിട്ടുണ്ട്. തൊഴിലാളികൾക്ക് തുച്ഛമായ ഒരു തുകയും സമരം ചെയ്യിക്കുന്ന നേതാവിന് ഒരു വലിയ പ്രതിഫലമെന്നുള്ള നിലയിലും വാങ്ങിച്ചുകൊണ്ട് സമരം ഒതുക്കിത്തീർക്കുകയും മുതലാളിക്കുവേണ്ടി ഒരു വലിയ സഹായം ചെയ്ത നന്ദിക്ക് അർഹനാവുകയും പിന്നീട് എന്തെങ്കിലും പിരിവെന്നു പറഞ്ഞ് നല്ലൊരു തുക കിട്ടാനുള്ള അവസരം ഉണ്ടാക്കുകയും ഒക്കെ ചെയ്യുന്ന തൊഴിലാളി പ്രസ്ഥാനത്തിന്റെ പ്രവർത്തന രീതിയിൽനിന്നും നമ്മുടെ തൊഴിലാളികളെ പ്രത്യേകിച്ചും സ്വാധീനശക്തി കുറഞ്ഞ, വിലപേശൽ ശക്തി കുറഞ്ഞ, തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി മാറ്റം ഉൾക്കൊള്ളാൻ രാഷ്ട്രീയ പാർട്ടികളും സംഘടനകളും ശ്രമിക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വാമദേവൻ: സർ, ഞാൻ ഈ ഭേദഗതിയെ പിൻതാങ്ങുന്നു. ഏതാനും ചില കാര്യങ്ങൾ ലേബർ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. തൊഴിലാളികളുടെ താൽപര്യം സംരക്ഷിക്കുന്നതിനുള്ള നിയമങ്ങളുടെ അഭാവം നമ്മുടെ രാജ്യത്തില്ല. നാലാം കേരള നിയമസഭയിലും അഞ്ചാം കേരള നിയമസഭയിലും പാസ്സാക്കിക്കൊടുത്ത നിയമങ്ങളുടെ എണ്ണം വളരെയധികമാണ്. പക്ഷേ ഇങ്ങനെ വാരിക്കൂട്ടിയ ലേബർ നിയമങ്ങൾ നടപ്പിലാക്കാനുള്ള മെഷിനറി എവിടെയാണ്. വർദ്ധമാനമായ തോതിൽ ഉണ്ടായിക്കഴിഞ്ഞ നിയമങ്ങൾ വരുന്നതിനുമുമ്പ് ഉണ്ടായിരുന്ന ഒരു ചട്ടകൂടു മാത്രമാണ് ലേബർ വകുപ്പ്. അതിൽ നിക്ഷിപ്തമാണ് 100 കണക്കിലുള്ള ലേബർ നിയമങ്ങൾ നടപ്പിലാക്കുന്നുണ്ടോ ഇല്ലയോ എന്നു പരിശോധിക്കാനുള്ള ബാദ്ധ്യത. എല്ലാ വിഭാഗം തൊഴിലാളികൾക്കുംവേണ്ടി നിയമസഭ ഉണ്ടാക്കുന്ന നിയമസംഹിതഭദ്രമായി കാത്തു സൂക്ഷിക്കാനും തൊഴിലാളികൾക്ക് നിയമത്തിൽ പറഞ്ഞിരിക്കുന്ന എല്ലാ താൽപ്പര്യങ്ങളും ഗുണങ്ങളും ലഭ്യമാക്കാനും ലേബർ വകുപ്പിന്റെ ഇന്നത്തെ സാഹചര്യത്തിൽ അവർക്കു കഴിയുന്നില്ല എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഷോപ്പ്സ് ആൻറ് കാമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെൻറ് ആക്ടിന്റെ പരിധിയിൽവരുന്ന വിഭാഗം തൊഴിലാളികളെപ്പറ്റി ശ്രീമാൻ സുന്ദരേശൻ നായർ പറഞ്ഞ എല്ലാ കാര്യങ്ങളോടും യോജിക്കാൻ സാധിക്കുകയില്ലെങ്കിലും ചില കാര്യങ്ങളോട് യോജിക്കാതിരിക്കാൻ നിർവ്വാഹമില്ല. ഈ വിഭാഗം തൊഴിലാളികളും താരതമ്യേന വിലപേശലിന് കഴിവു കുറഞ്ഞവരാണ്. വളരെ സുസംഘടിതമായ തൊഴിലാളി പ്രസ്ഥാനം ചിറകുവിടർത്തി പ്രവർത്തിക്കുന്ന നമ്മുടെ സംസ്ഥാനത്ത് പോലും ഷോപ്പ്സ് ആൻറ് കാമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെൻറ് ആക്ടിൽ പറഞ്ഞിരിക്കുന്ന ഗുണങ്ങൾ ലഭിക്കാൻ ബാദ്ധ്യസ്ഥരായ തൊഴിലാളികളും ഇന്നും ഏറിയ കൂറും അസംഘടിതരാണെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. കാരണം എല്ലാവർക്കും അറിയാവുന്നതാണ്. സംസ്ഥാനത്തു മുഴുവൻ ചിന്നിച്ചിതറി കിടക്കുന്ന ദുർബല വിഭാഗത്തിൽപ്പെട്ട താരതമ്യേന സംഘടിക്കാനും കൂട്ടായി വിലപേശാനും പ്രായോഗികമായി വൈഷമ്യമുള്ള ഒരു വലിയ വിഭാഗം; ഹോട്ടലുകളിൽ പണിയെടുക്കുന്ന തൊഴിലാളികളും, പതിനായിരക്കണക്കിന് പീടികകളിൽ പണിയെടുക്കുന്ന തൊഴിലാളികളും, ചെറിയ ചെറിയ സാമ്പത്തിക സ്ഥാപനങ്ങളിൽ ലാഭം വാരിക്കൂട്ടുന്ന ചിട്ടികളും നടത്തുന്ന സ്ഥാപനങ്ങളിൽ, അതുപോലെ സഹകാര്യ ആശുപത്രികളിൽ, ചെറിയ ചെറിയബിസിനസ് നടത്തുന്ന ആഫീസുകളിൽ ഒക്കെ പണിയെടുക്കുന്ന തൊഴിലാളികളും, ഇവരെല്ലാം ഇതിനകത്തു വരും. ഈ തൊഴിലാളികളെയെല്ലാം സംഘടിപ്പിച്ചുകൊണ്ട് ഒരു സുശക്തമായ ട്രേഡു യൂണിയൻ പ്രവർത്തനം നടത്തുന്നതിന് ഇവിടെയുള്ള എല്ലാ ട്രേഡു യൂണിയൻ സംഘടനകളും കൂടി ശ്രമിച്ചാലും അത്ര പ്രായോഗികമാണെന്നു വിശ്വസിക്കുന്നവനല്ല ഞാൻ. ഇവർ അങ്ങനെ സംഘടിച്ചാലും അവർക്ക് സമ്മേളനത്തിലും ഗവൺമെൻറിലും ചെലുത്തുവാൻ സാധിക്കുന്ന സ്വാധീനം വളരെ കുറവാണ്. പത്ര പ്രവർത്തകരുണ്ട്. അവരുടെ സംഘടന സുശക്തമാണെന്ന് അവകാശപ്പെടാൻ സാധിക്കുകയില്ല. എണ്ണത്തിലും കുറവാണ്. പക്ഷേ ഭരണകൂടത്തിലും സമൂഹത്തിലും അവർക്കു ചെലുത്താൻ കഴിയുന്ന അമിതമായ സ്വാധീനംകൊണ്ട് അവർക്കുമാത്രം പ്രത്യേക നിയമസംഹിത ഉണ്ടാക്കാനും ആ നിയമ സംഹിത പാലിക്കപ്പെടുന്നുണ്ടോ എന്നു നോക്കാനും പ്രത്യേകം ലേബർ ഉദ്യോഗസ്ഥൻമാരും ഉണ്ട്. എണ്ണത്തിലാണെങ്കിൽ അവരേക്കാൾ എത്രയോ ഇരട്ടി വരുന്ന ഷോപ്പ്സ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെൻറ് എന്നു

LIBRARY ARCHIVES Kerala Legislative Assembly

പറയുന്ന വിഭാഗത്തിൽപ്പെടുന്ന ജീവനക്കാർക്കുവേണ്ട ഇംപ്ലിമെൻറിംഗ് അതോറിട്ടി ആരാണ്, സാധാരണ ലേബർ ആഫീസർമാരാണ്. അവരുടെ പിടലിയിൽ എത്ര നിയമങ്ങളാണ് അടിച്ചേൽപ്പിച്ചിരിക്കുന്നത്. അയാൾ നടപ്പിലാക്കേണ്ട 100 കണക്കിന് ലേബർ നിയമങ്ങളുടെ കൂട്ടത്തിൽ ഇതും വരുന്നു. ഇംപ്ലിമെൻറിംഗ് അതോറിട്ടി താഴെക്കിടയിൽ ലേബർ ആഫീസറാണ്. നാമൊക്കെ അഭിമാനം കൊള്ളുന്ന കാർഷികത്തൊഴിലാളി നിയമം നടപ്പിലാക്കാനുള്ള ബാദ്ധ്യത ഇവർക്കാണ്. അതു നടപ്പിലായില്ലെങ്കിൽ അതിനുള്ള പ്രധാനമായ കാരണം നടപ്പിലാക്കാൻ സുശക്തമായ മെഷിനറി ഉണ്ടായിട്ടില്ല എന്നതുതന്നെ. അതുകൊണ്ട് ഈ ഷോപ്സ് ആൻറ് കാമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെൻറ് ആക്ടിൻെറ പരിധിക്കകത്തുവരുന്നവർ എണ്ണിയാലൊടുങ്ങാത്ത നാലഞ്ചു ലക്ഷത്തോളം എന്നെല്ലാം പറയുന്നുണ്ട്, എന്നാൽ കണക്കുകൂട്ടിയാൽ നമുക്കറിയാം. ടെക്സ്റ്റയിൽ മിൽ തൊഴിലാളികളും എത്രയുണ്ടെന്നും പ്ലാൻേറഷൻ ലേബർ എത്രയുണ്ടെന്നും നമുക്കറിയാം. അവരെല്ലാം സുസംഘടിതരും സംഘടനാനേതൃത്വമുള്ളവരും ആയതുകൊണ്ട് അവരെല്ലാം നടത്തിയ സാഹസികമായ സമരങ്ങളും കൊണ്ടുണ്ടാക്കിയ അവാർഡുകളും നിയമങ്ങളും ഉള്ളതുകൊണ്ട് അവരെപ്പറ്റി ആളുകൾക്ക് അറിയാം. പക്ഷേ ചെറിയ ചെറിയ പീടികകളിൽ ജോലി ചെയ്യുന്ന നിരവധി തൊഴിലാളികളുണ്ട്. അവർ അവിടെ ജോലി ചെയ്യുന്നുണ്ടോ എന്നുള്ളതിനു അവരുടെ രജിസ്റ്റർ ഇല്ലാ അവരുടെ ജോലി നിർണ്ണയം ചെയ്യുന്നില്ല. അവർക്ക് ഹോളിഡേ കൊടുക്കുന്നില്ല. പക്ഷേ ഒരു പാവപ്പെട്ട ലേബർ ഓഫീസർ എത്രായിരം കടകളുടെ രജിസ്റ്റർ പരിശോധിക്കണം? ഷോപ്സ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെൻറ് ആക്ടിൽപെടുന്ന വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്നു പരിശോധിക്കുക സാധ്യമല്ല. അതുകൊണ്ടു ഇംപ്ലിമെൻറിംഗ് മെഷിനറി ഉണ്ടാകാത്ത കാലത്തോളം എത്ര ആത്മാർത്ഥത ലേബർ വകുപ്പു മന്ത്രിക്കുണ്ടായാലും എത്ര നല്ല അമൻറുമെൻറുകൾ എഴുതിച്ചേർത്താലും പർപ്പസ് സർവു ചെയ്യുകയില്ല, ഉദ്ദേശിച്ച ഗുണം ചെയ്യുകയില്ല എന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒബ്സർവേഷൻെറ പേരിലാണ് ഈ അമൻറുമെൻറു കൊണ്ടുവന്നിട്ടുള്ളത്. ഞങ്ങളെല്ലാം ട്രേഡ് യൂണിയൻ പ്രവർത്തകരാണ്. ചെറുതും വലുതുമായ ട്രേഡ് യൂണിയനുകളുടെ സമ്മേളനങ്ങൾ കൂടുമ്പോൾ ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെൻറ് ആക്ടിൽ വരുത്തേണ്ട ഭേദഗതികളെ സംബന്ധിച്ച് തൊഴിലാളി പ്രവർത്തകരുടെ അനുഭവത്തിൻെറ അടിസ്ഥാനത്തിൽ ചർച്ച ചെയ്തു ഒട്ടനവധി പ്രമേയങ്ങൾ കൊണ്ടുകൊടുക്കുകയും ഔദ്യോഗികമായി ലേബർവകുപ്പിനു എത്തിക്കുകയും ചെയ്യുന്നുണ്ട്. സർ, അങ്ങോ ലേബർ വകുപ്പിലെ പ്രമുഖൻമാരായ ഉദ്യോഗസ്ഥൻമാരോ രജിസ്ട്രേഡ് ട്രേഡ് യൂണിയനുകളുടെ സമ്മേളനം പാസ്സാക്കുന്ന ഏതെങ്കിലും പ്രമേയത്തിൻെറ ഉള്ളടക്കത്തെ സംബന്ധിച്ച ഭേദഗതി കൊണ്ടുവരുവാൻ ശ്രമിച്ചിട്ടുണ്ടോ എന്നു വിനയപുരസ്സരം ചോദിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഇവിടെ യാദൃച്ഛികമായി ഒരു ഒബ്സർവേഷൻ വന്നു, അതുകൊണ്ട് അമൻറുമെൻറുവന്നു എന്നുള്ളതിൽകവിഞ്ഞ് ഒരു രജിസ്ട്രേഡ് ട്രേഡ് യൂണിയൻ ഔദ്യോഗികമായി സമ്മേളനം ചേർന്നു പാസ്സാക്കുന്ന പ്രമേയം ചവറ്റുകുട്ടയിൽ ഇടേണ്ടതാണോ? പ്രത്യേകിച്ചും അതു പ്രാവർത്തികമാക്കാൻ സംഘടിതമായ സമരം ചെയ്യാൻ താരതമ്യേന പ്രാപ്തി കുറഞ്ഞ ആളുകളുടെ താൽപ്പര്യങ്ങൾ കാത്തുസൂക്ഷിക്കുവാനുള്ള പ്രത്യേക പരിപാടി വേണമെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. നമ്മുടെ ഇൻഡസ്ട്രിയൽ റിലേഷൻസ് ഇന്നു വളരെ ശാസ്ത്രീയമായ അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിച്ചിരിക്കുന്നു. നമുക്കൊരു റിസർച്ചു സെൻറർ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടെന്നുതോന്നുന്നു. പലപ്പോഴും ഇതേപോലെ ഒബ്സർവേഷൻസ് വരുന്നതിനു മുൻപുതന്നെ, പ്രായോഗികരായി വന്നുചേരുന്ന അപാകതകളെ ചൂണ്ടിക്കാണിക്കുവാൻ, കാലത്തിനനുസരിച്ച് മാറ്റങ്ങളും ലേബർ നിയമങ്ങളിൽ ഉണ്ടാക്കാൻ, ഇൻഡസ്ട്രിയൽ റിലേഷൻസ് വിഭാഗം ബാധ്യസ്ഥമാണ്. ആ നിലയിൽ അതു സുസജ്ജമാക്കണമെന്നുകൂടി പറയാൻ ഞാനാഗ്രഹിക്കുന്നു. ഇവിടെ ചൂണ്ടിക്കാണിച്ച ഒരു അനോമലിയുണ്ട്. ഇന്നുള്ള നിയമത്തെ സംബന്ധിച്ചിടത്തോളം തിരിച്ച് എടുക്കണമെന്നു നിർദ്ദേശം കൊടുത്താലും മാനേജുമെൻറ് തിരിച്ചെടുക്കുന്നില്ല. കാരണം എന്താണ്? തിരിച്ചെടുക്കാതിരുന്നാൽ അപ്പലേറ്റ് അതോറിട്ടി പറയുന്ന കോമ്പൻസേഷൻ കൊടുത്താൽ മതി; മുന്നൂറോ നാനൂറോ രൂപ കൊടുത്താൽ മതി. ചെറിയ പീടികയാണെല്ലോ? എന്നാൽ ലക്ഷക്കണക്കിനു രൂപയുടെ ചിട്ടിയും കുറിയും നടത്തുന്ന സ്ഥാപനങ്ങളും ഇതിൽവരും. റീയിൻസ്റ്റേറ്റുമെൻറ് ഡയറക്ടു ചെയ്താലും അതു നടപ്പിലാക്കാൻ നിയമപരമായി ബാധ്യസ്ഥരല്ല. കോമ്പൻസേഷൻ കൊടുത്താൽ മതി. അതുകൊണ്ട് കോമ്പൻസേഷൻ കൊടുത്താൽ മതിയെന്നു പറയുന്ന ഭാഗം എടുത്തുകളയണം. റീയിൻസ്റ്റേറ്റുമെൻറ് ഡയറക്ടു ചെയ്താൽ മറ്റു സ്ഥാപനങ്ങളെപ്പോലെ നിർബന്ധമാക്കണം. ഇതിലെ വേജസിനെ സംബന്ധിച്ചിടത്തോളമുള്ള ഭേദഗതി കൂടുതൽ ആനുകൂല്യമാണെന്നു ഞാൻ അംഗീകരിക്കുന്നു. എന്തെല്ലാം നിയമം കൊണ്ടുവന്നാലും ഇംപ്ലിമെൻറിംഗ് മെഷിനറിയെ സംബന്ധിച്ചിടത്തോളം അതു ശക്തമാക്കാനുള്ള അടിയന്തിര നടപടി സ്വീകരിച്ചില്ലെങ്കിൽ ഫലപ്രദമാകുകയില്ലെന്നു ആവർത്തിച്ചു പറഞ്ഞുകൊണ്ട് ഞാൻ ചുരുക്കുന്നു.

തൊഴിലും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി (ശ്രീ. എം. കെ. രാഘവൻ): സർ, വളരെ ദീർഘമായ ചർച്ചയിൽകൂടി പലവിധത്തിലുള്ള നിർദ്ദേശങ്ങളും ഈ ഭേദഗതിക്കും അതിനു വെളിയിലുമായി ഉണ്ടായിരിക്കുന്നു എന്നു ഞാൻ സമ്മതിക്കുകയാണ്. സർ, ഷോപ്സ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെൻറ് ആക്ടിൻറെ 18-ാം വകുപ്പിനു ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നത് ഹൈക്കോടതിയുടെ ഓബിറ്റർ ഡിക്ടാ പ്രകാരമാണെന്നു ഇവിടെ പറഞ്ഞുകഴിഞ്ഞു. വളരെ കൂടുതൽ പ്രധാന്യം അക്കാര്യത്തിൽ ഇല്ലെങ്കിൽതന്നെയും ഹൈക്കോടതിയിൽനിന്നും ആ നിർദ്ദേശം വന്ന സ്ഥിതിക്ക് ഇത്തരമൊരു ഭേദഗതി കൊണ്ടുവന്നു എന്നുള്ളതാണ്. അല്ലാതെതന്നെ പിരിച്ചുവിട്ടതു ശരിയല്ല, ക്രമക്കേടാണെന്നു ഒരു വിധിയുണ്ടായാൽ അന്യായമായി പുറത്തുനിൽക്കേണ്ടിവന്ന കാലഘട്ടത്തിലുള്ള ശമ്പളം കൊടുക്കണമെന്നു പറയുന്നത് സാധാരണനീതി മാത്രമാണ്. അതിനു ഒരു പ്രത്യേക നിയമത്തിൽ പ്രത്യേക വിശദീകരണം ആവശ്യമുണ്ടോ എന്നു ഞാൻ എടുത്തുപറയേണ്ടതില്ല. എങ്കിലും ഹൈക്കോടതിയുടെ നിർദ്ദേശം അനുസരിച്ച് കൊണ്ടുവന്നിട്ടുള്ളതാണ്. ഇതു വന്ന പരിതഃസ്ഥിതിയിൽ പല വിധത്തിലുള്ള വ്യാഖ്യാനങ്ങളും നമുക്ക് കേൾക്കാൻ സാധിച്ചു. കോമ്പൻസേഷൻ കൊടുക്കുന്നതു ഒരുവർഷത്തെ സേവനത്തിന് ഒരുമാസത്തെ ശമ്പളം ആയിരിക്കണമെന്നും അതിൽ കുറയാൻ പാടില്ലെന്നുമുള്ള വാദഗതികേട്ടു. അതു ശരിയല്ല സർ, ഇതെല്ലാം ടെർമിനൽ ബനിഫിറ്റ്സ് ആണ്. ഗ്രാറ്റുവിറ്റിയേ സംബന്ധിച്ചിടത്തോളമുള്ളതല്ല. അന്യായമായി പിരിച്ചുവിട്ടതൊഴിലാളിയെ തിരിച്ചെടുക്കാൻ പറയുമ്പോഴും തിരിച്ചെടുക്കാതിരുന്നാൽ തിരിച്ചെടുക്കാതിരിക്കുവാൻ മതിയായ പ്രതിഫലം കൊടുക്കുന്ന വ്യവസ്ഥയാണുള്ളത്. അതല്ലാതെ വേറെവല്ല സ്പിരിറ്റും ഉൾക്കൊണ്ടിട്ടുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. ഇതിലെ 4-ാം വകുപ്പു മാറ്റി ആ സ്ഥാനത്ത് 4 എ വച്ചാൽ കൂടുതൽ ഫല

LIBRARY ARCHIVES Kerala Legislative Assembly

മുണ്ടാകുമെന്നു പറഞ്ഞു. പക്ഷേ റീയിൻസ്റ്റേറ്റുമെൻറ് നടത്തിയാൽ ആ സ്ഥാപനംതന്നെ ഇല്ലാതാകുമെന്ന ഒരവസ്ഥ ഉണ്ടെന്നിരിക്കട്ടെ. നിയമ നിർമ്മാണമെന്നു പറയുന്നത് എന്താണ്? തൊഴിലാളിരംഗത്തു പ്രവർത്തിച്ച ആളുകളാണ് കൂടുതലും ഈ സഭയിലുള്ളതെന്നാണ് എനിക്ക് തോന്നുന്നത്. തൊഴിലാളിസംഘടനകൾക്കുവേണ്ടി വാദിക്കൽ മാത്രമല്ല നിയമനിർമ്മാണം. നിയമനിർമ്മാണമെന്നു പറഞ്ഞാൽ ഇരുഭാഗങ്ങളും കാണുകയും അതിന്റെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾ ഉണ്ടാക്കുകയുമാണ്. അല്ലാതെ എന്റെ വാദഗതി എത്രകണ്ട് ഉഗ്രനായിരിക്കുന്നു എന്നു സ്ഥാപിക്കുവാനുള്ള രംഗമാണ് നിയമസഭയെന്നു ഞാൻ കാണുന്നില്ല. റിയിൻസ്റ്റേറ്റു ചെയ്താൽ ഉത്തമമായ പരിഹാരമാർഗ്ഗം അതായിരിക്കുമെന്നു തറപ്പിച്ചു പറയാൻ ഒരുപക്ഷേ ആ രംഗത്തു ആവശ്യമായിരിക്കാം. പക്ഷേ നിയമനിർമ്മാണമുണ്ടാക്കുമ്പോൾ അതിന്റെ അനന്തരഫലമെന്തായിരിക്കുമെന്നും ഒരുപക്ഷേ ആ സ്ഥാപനം തന്നെ ഇല്ലാതാകുമോ എന്നും ആലോചിക്കണം. ഉദാഹരണത്തിന് ഒരു ഡോക്ടർ ഒരു പെറിയ മരുന്നുകട നടത്തുന്നു എന്നു വിചാരിക്കുക. അവിടെ ഒരു ഫാർമസിസ്റ്റുണ്ട്. അന്യായമായി അയാളെ പിരിച്ചുവിടുന്നു. നീതികരണമില്ല. പിരിച്ചുവിട്ട ഫാർമസിസ്റ്റിനെ തിരിച്ചെടുക്കേണ്ടതാണെന്നു അപ്പലേറ്റ് അതോറിട്ടി വിധി കൽപ്പിക്കുന്നു. അപ്പോഴും മറ്റൊരു ആക്ടർ നേറ്റീവ് ഇല്ല. ഒരുപക്ഷേ പൂർവ്വവൈരാഗ്യത്താൽ ഡോക്ടറും ഫാർമിസിസ്റ്റും പൊരുത്തപ്പെടാത്ത അവസരത്തിൽ പലതും ആ സ്ഥാപനത്തിൽ സംഭവിക്കും. അങ്ങനെ സംഭവിക്കാതിരിക്കണമെങ്കിൽ അതടച്ചുപൂട്ടേണ്ടതായിവരും. ഇതുകൂടി നിയമനിർമ്മാണ സമയത്തു നാം ആലോചിക്കണം. ഇവിടെ പറഞ്ഞിരിക്കുന്നത് തിരിച്ചെടുക്കാൻ പറയുന്നു, തിരിച്ചെടുക്കാൻ കൂട്ടാക്കിയില്ലെങ്കിൽ തിരിച്ചെടുക്കാത്തതിനു മതിയായ പ്രതിഫലം എന്ന നിലയിൽ വമ്പിച്ച കോമ്പൻസേഷൻ കൊടുക്കണമെന്നാണ്. അതിനുള്ള ഡിസ്ക്രീഷൻ ഈ അതോറിട്ടിക്കുണ്ട്. ഒരുകാര്യം ശ്രീ. ശങ്കരൻകുട്ടിക്ക് അറിയാമോ എന്നറിഞ്ഞുകൂടാ. എന്നാൽ സുന്ദരേശൻനായർക്ക് ഓർമ്മകാണും. പണ്ട് തിരുവിതാംകൂറിൽ കരം കൊടുക്കാൻ വ്യവസ്ഥയുണ്ടായിരുന്നു. കരം കൊടുക്കണമെന്നു നിർബന്ധമില്ല. പക്ഷേ കരം കൊടുത്തില്ലെങ്കിൽ പ്രതിവിധിയായി കൊടുക്കേണ്ട പല കാര്യങ്ങളുമുണ്ട്. തമ്പുരാൻ അങ്ങനെ പറഞ്ഞിട്ടുണ്ടായിരുന്നു. കരം കൊടുത്തില്ലെങ്കിൽ ഇത്ര പൗണ്ട് പുളി തിന്നണം. കരം കൊടുക്കുന്നതിനു പകരം പുളിതിന്നണം. കരം കൊടുക്കാൻ ഒക്കുകയില്ല പുളിയും തിന്നുകയില്ലെങ്കിൽ ഇത്ര അടി വാങ്ങിക്കണമെന്നുണ്ട്. അപ്പോഴും കരം കൊടുക്കാതിരിക്കുവാൻ വേണ്ടി പുളിതിന്നും. പക്ഷേ പുളി മുഴുവൻ തിന്നാൻ ഒക്കുകയില്ല. അപ്പോഴും അടി കൊള്ളണം. അടിയും മുഴുവൻ കൊള്ളാൻ ഒക്കാതെ വരുമ്പോഴും കരം കൊടുക്കും. അപ്പോഴും അവസാനം അടിയും കൊള്ളും പുളിയും തിന്നും കരവും കൊടുക്കും. അതുപോലെയാണ് ഈ കോമ്പൻസേഷൻ വച്ചിരിക്കുന്നത്. ഹെവി കോമ്പൻസേഷനാണ്. വളരെ ഹെവിയാണ്. അത് പീനലാണ്. ന്യായമായി തിരിച്ചെടുക്കാൻ സാധിക്കാത്ത സന്ദർഭത്തിൽ വളരെ കൂടുതലായിട്ടുള്ള പീനലായിട്ടുള്ള കോമ്പൻസേഷൻ കൊടുക്കണമെന്നാണ് ഇതിനകത്ത് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ആ വ്യവസ്ഥയ്ക്ക് ഊനം തട്ടിയിട്ടുണ്ടോയെന്ന് അറിഞ്ഞുകൂടാ. അത് ഇപ്പോഴും ഉണ്ട്. ഇതിന്റെ അതോർട്ടിക്കും അതിന്റെ മേലുള്ള ന്യായാധിപൻമാർക്കും ഇതിന്റെ അർത്ഥവ്യാപ്തി മുഴുവനായി ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് സംശയിക്കുകയാണ്. അത്യ മനസിലാക്കിയാൽ ഇതിന്റെപ്രാവിഷ്നെല്ലാം അതിനുതകുത്തക്കവണ്ണമാണ്. നിരത്തിവച്ചിരിക്കുന്നതെന്ന് കാണാൻ

LIBRARY ARCHIVES Kerala Legislative Assembly

പ്രയാസമില്ല. അങ്ങനെയാണ് ഇതിൽ ആംട്ടർനേറ്റീവ് കൊടുത്തിരിക്കുന്നത്. ആംട്ടർനേറ്റീവ് കൊടുക്കണം. അതല്ലാതെ കുറുവടിപോലെയുള്ള നിയമമുണ്ടാക്കി വയ്ക്കാൻ പറ്റുകയില്ല.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: ഇത് പേനൽ കാമ്പൻസേഷനാണ്, ഹെവി കോമ്പൻസേഷനാണ് എന്നൊക്കെ ബഹുമാനപ്പെട്ട മന്ത്രിയോ മറ്റാളുകളോപറഞ്ഞാൽ പോര. ഇതു കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചിടത്തോളം അതുപോര. മാത്രമല്ല കോമ്പൻസേഷൻ നിശ്ചയിക്കാനുള്ള ഗൈഡുലൈൻ ഈ നിയമത്തിലുമില്ല. റിട്രഞ്ചുമെൻറ് കോമ്പൻസേഷൻ വരുമ്പോഴും 15 ദിവസത്തേതു കൊടുക്കണം, ഗ്രാറ്റുവിറ്റി ഇന്നതു കൊടുക്കണം എന്നൊക്കെ മറ്റു നിയമങ്ങളിൽ പറഞ്ഞിരിക്കുമ്പോഴും സാധാരണഗതിയിൽ ഉദ്യോഗസ്ഥൻമാർ അതാണ് ഫാളോ ചെയ്യുക. ഹെവി കോമ്പൻസേഷൻ ആണെങ്കിൽ അതു പറയണം. നിയമസഭയിൽ പ്രസംഗിച്ചതുകൊണ്ട് അതു കിട്ടുകയില്ല.

ശ്രീ. എം. കെ. രാഘവൻ: ഞാൻ പറഞ്ഞത് ഈ കാണ്ടക്സ്റ്റിലാണ്. പീനൽ എന്നു പറയേണ്ട ആവശ്യമില്ല. ഓങ്ങി അടിച്ചാൽ അത് ഓങ്ങിയടിയാണെന്ന് പറയണമോ? ഓങ്ങി അടിയാണ്. റൂം മൂന്നിൽ പറയുന്നത്. The appellate authority may, after giving notice in the prescribed manner to the employer and the employee, dismiss the appeal or direct the reinstatement of the employee with or without wages for the period he was kept out of employment or direct payment of compensation without reinstatement or grant such other relief as it deems fit in the circumstances of the case. ആ ചുറ്റുപാടിനെ ആശ്രയിച്ചാണ് അത് ഇരിക്കുന്നത്. അതുകൊണ്ട് അതിൽ വലിയ ബുദ്ധിമുട്ടുണ്ടാകുമെന്നു സംശയിക്കേണ്ട.

ശ്രീ. പി. കെ. ശങ്കരൻ കുട്ടി: മന്ത്രി തെറ്റിദ്ധരിച്ചു. അതല്ല, നാലാമത്തെ ക്ലോസ്സിലാണ് പറയുന്നത്.

ശ്രീ. എം. കെ. രാഘവൻ: ഇതാണ് പ്രൊവിഷൻ. നാലാമത്തേതും "In directing the reinstatement of an employee the appellate authority shall also direct the payment of such amount of compensation as may be specified by him in case the employer fails to reinstate the employee in accordance with the directions." That is exactly what I meant. That is a penal compensation which is going to be a burden on the employer as per clause (3). That can be plainly understood by everybody. പക്ഷേ, ആ സ്പിരിറ്റിൽ ഇത് കൈകാര്യം ചെയ്തിട്ടുണ്ടോയെന്നു ചോദിച്ചാൽ എല്ലാവരും ചെയ്യുന്നില്ലെന്നുള്ളതു ശരിയായിരിക്കാം. ഈ നിയമസഭയിൽ ഈ വാദപ്രതിവാദങ്ങളൊക്കെ നടത്തുന്നത് ഇതിനെ ഉദ്ദേശിച്ചല്ലേ. അതിനാണ് സമയമെടുത്ത് ഇതെല്ലാം പ്രതിപാദിക്കുന്നത്. ആ സ്പിരിറ്റ് ഇത് കൈകാര്യം ചെയ്യുന്ന ആളുകളും ഉൾക്കൊള്ളണം. നീതി പുലർത്തുന്ന ആളുകളും ഇതനുസരിച്ചാണ് വിധിയെഴുതേണ്ടത്. ഇതാണ് ലെജിസ്ലേച്ചറിന്റെ ഇൻറൻഷനെന്നു വ്യക്തമാക്കാനാണ് ഈ വാദപ്രതിവാദം ഇവിടെ നടത്തുന്നത്.

ശ്രീ. ആർ. സുന്ദരേശൻ നായർ: അതോറിറ്റി നിശ്ചയിക്കുന്ന കോമ്പൻസേഷൻ ഹെവിയായിരിക്കും, അനുയോജ്യമായ ഒരു കോമ്പൻസേഷൻ കിട്ടുമെന്ന് അഷ്വർചെയ്യുന്ന ഒരു വ്യവസ്ഥ ഇതിലുണ്ടോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. രാഘവൻ: ചുരുക്കുകയും പറയാം. ഒരാളെ കൃത്യമായി ഇന്നതു പണിഷ് ചെയ്തുകൊള്ളണമെന്ന് പറയാൻ പറ്റുകയില്ല. കുറ്റത്തിന്റെ ഗുരുതരാവസ്ഥ അനുസരിച്ചായിരിക്കും അതു ചെയ്യുക. കുറെ തെറ്റ് എംപ്ലോയറുടെ ഭാഗത്തുനിന്നുണ്ടാകുകയും അതു മനപ്പൂർവ്വം. അല്ലെങ്കിൽ കുറയുകയും ചെയ്യും. കൂടുകയും കുറയുകയും ചെയ്യും അതിനാണ് പ്രിസൈഡിംഗ് ഓഫീസറൻമാർക്ക് ഡിസ്ക്രിഷൻ കൊടുത്തിരിക്കുന്നത്.

സർ, ഞാൻ നീട്ടിക്കൊണ്ടുപോകുന്നില്ല. ഇത് വിശദമായി ഇവിടെ പ്രതിപാദിച്ചതാണ്. പിന്നെ ഇതിനോട് അനുബന്ധിച്ച് മറ്റുചില കാര്യങ്ങളും പറഞ്ഞു. പിരിച്ചുവിടുമ്പോൾ കോമ്പൻസേഷൻ കൊടുക്കുന്നതിനെക്കുറിച്ച് ഞാൻ പറഞ്ഞു. ഇതു അതിനെ ഉദ്ദേശിച്ചല്ല. മറ്റു ബെനിഫിറ്റ്സ് കിട്ടാൻ ഇതു തടസ്സമൊന്നുമല്ല. ഇത് ആരെങ്കിലും തെറ്റിദ്ധരിച്ചുപോകുമോ; എങ്കിൽ അങ്ങനെ ധരിക്കേണ്ട, ക്ലാരിഫൈ ചെയ്തുകൊള്ളു എന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ഈ ഭേദഗതി കൊണ്ടുവന്നത്.

ചില കാര്യങ്ങളൊക്കെ ഇവിടെ പറഞ്ഞു, അത് വേറൊരവസരത്തിൽ ചിന്തിക്കുകയായിരിക്കും നല്ലത്. പരിഷ്കാരം ആവശ്യമില്ലെന്ന് ഞാൻ പറയുന്നില്ല. പല വിഭാഗങ്ങളെയും ഷോപ്പ് ആൻറ് എസ്റ്റാബ്ലിഷ്മെൻറ് ആക്ടിന്റെ പരിധിയിൽ കൊണ്ടുവരണം. ശ്രീ. ടി. കെ. രാമകൃഷ്ണൻ പറഞ്ഞ വിഭാഗമുണ്ട്. ഹോസ്റ്റലിൽ മെസ്സ് നടത്തുന്ന ആളുകളുണ്ട്. അങ്ങനെ പല വിഭാഗങ്ങളെയും ഇതിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതായിട്ടുണ്ട്.

ഇംപ്ലിമെൻറേഷന്റെ കാര്യം പറഞ്ഞു. വളരെ പരാതികളൊക്കെ പറഞ്ഞു. ഗവൺമെൻറ് ഇതിന്റെ പിന്നിൽ നടക്കണം, ഓരോ ഷോപ്പിലും വയലേഷൻ എവിടെ നടക്കുന്നു എന്നു കണ്ടുപിടിക്കണം എന്നൊക്കെ പറയാൻ നല്ലതാണ്. തൊഴിലാളിരംഗത്തു പ്രവർത്തിക്കുന്ന ആളുകൾ അതാണ് കാണേണ്ടത്. തൊഴിലാളി വിഭാഗങ്ങൾക്ക് താങ്ങും തണലുമായി നിൽക്കാൻ തൊഴിലാളി രംഗത്തു പ്രവർത്തിക്കുന്നവർ തയ്യാറാകണമെന്നുള്ള കാര്യത്തിൽ സംശയമില്ല. ആ ചുമതലകൾ എല്ലാം ഗവൺമെൻറിൽ നിക്ഷിപ്തമായിരിക്കുന്നു എന്നു പറയുന്നതുകൊണ്ടുമാത്രം തൃപ്തിയടയുന്നത് ശരിയല്ലെന്നുമാത്രമാണ് പറയാനുള്ളത്.

സർ, മറ്റുവിശദമായ കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ഈ അമൻറുമെൻറ്കൊണ്ട് ഉദ്ദേശിക്കുന്നത് ഒരു സംശയമെങ്കാനും, നേരത്തെ പറഞ്ഞതുപോലെ ബാക്ക്വേജസ്, പിരിച്ചുവിട്ട് പുറത്തുനിന്ന് പിരിച്ചുവിടൽ ശരിയല്ലെന്നു പറയുന്ന സമയത്ത് മറ്റു കോമ്പൻസേഷൻ കൊടുക്കുന്നതുകൊണ്ട് ബാക്ക് വേജസ് കൊടുക്കേണ്ടന്നേ സംശയം ഉണ്ടാകേണ്ട ആവശ്യമില്ല. കോമ്പൻസേഷൻ കൊടുക്കുന്നതോടൊപ്പംതന്നെ ഈ ബാക്ക് വേജസും, പിരിച്ചുവിട്ട് അവാർഡു വരുന്നതുവരെയുള്ള കാലത്തെ വേതനവുംകൂടി കൊടുക്കുന്നതിന് ഓഫീസറൻമാർക്കും ജൂഡിഷ്യൽ ഓഫീസറൻമാർക്കും അധികാരം ഉണ്ടാകണമെന്ന സദുദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടുള്ള ഒരു ഭേദഗതിയാണ്. യാതൊരു അഭിപ്രായവ്യത്യാസവും കൂടാതെ ഇത് പാസാക്കിത്തരണമെന്നാണ് എനിക്ക് സഭയോടു അഭ്യർത്ഥിക്കാനുള്ളത്.

The amendment moved by Sri T. M. Jacob was by leave withdrawn.

LIBRARY ARCHIVES Kerala Legislative Assembly

The amendment moved by Sri P. R. Sivan was by leave withdrawn.

The question that the Kerala Shops and Commercial Establishments (Amendment) Bill, 1979 be taken into consideration was put and carried.

The motion was adopted and the Bill was taken into consideration.

Clause 2

The question that clause 2 stands part of the Bill was put and carried.

Clause 2 was added to the Bill.

Clause 1 Preamble and Title

The question that Clause 1, Preamble and Title stand part of the Bill, was put and carried.

Clause 1, Preamble and Title were added to the Bill.

Minister for Labour and Housing **(Sri M. K. Raghavan):** Sir, I move that the Kerala Shops and Commerical Establishments (Amendement) Bill, 1979 may be finally passed.

Minister for Education **(Sri C. H. Mohamed Koya):** Sir, I second it.

The question that the Kerala Shops and Commercial Establishments (Amendment) Bill, 1979 be finally passed was put and carried.

The motion was adopted and the Bill was finally passsed.

1969-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി ബിൽ)

Minister for Education **(Sri C. H. Mohamed Koya):** Sir I introduce the University Laws (Second Amendment) Bill, 1979.

Mr. Deputy Speaker: The Bill stands introduced.

Sri C. H. Mohamed Koya: Sir I move that the Bill be taken into consideration.

Minister for Labour and Housing **(Sir M. K. Raghavan):** Sir, I second it.

വിദ്യാഭ്യാസവകുപ്പ് മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): [11 a.m.] സർ, 1977-ൽ നടപ്പാക്കിയ അമെൻറുമെൻറ് കൊണ്ട് പ്രൈവറ്റ് കോളേജിലും ഗവൺമെൻറ് കോളേജുകളിലും പ്രവർത്തിക്കുന്ന പ്രിൻസിപ്പാൾമാർ, ടീച്ചർമാർ, നോൺടീച്ചിംഗ് സ്റ്റാഫ്

LIBRARY ARCHIVES Kerala Legislative Assembly